**സബ്മിഷൻ**

കാരാട്ടുപുഴ കയ്യേറ്റം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ തയ്യിൽ വാർഡ് പുതുപ്പറമ്പ് കര കാരാട്ടുപുഴ പുറമ്പോക്ക് ഭൂമി വടകര നഗരസഭാംഗവും സി.പി.ഐ.(എം.) നേതാവുമായ ശ്രീ. ഗിരീഷിന്റെ നേതൃത്വത്തിൽ കയ്യേറുകയും മണ്ണിട്ടു നികത്തുകയും അവിടെ അനധികൃതമായി കെട്ടിടം പണിയുകയും ചെയ്തു. കുറ്റ്യാടി പുഴയുടെ ഭാഗമായ കോട്ടപ്പുഴയുടെ കൈവഴിയാണ് പൊളിച്ച കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും നിക്ഷേപിച്ച് നികത്തിയത്. 10 മീറ്റർ നീളത്തിലും 60 മീറ്റർ വീതിയിലുമാണ് പുഴ കയ്യേറി നശിപ്പിച്ചിരിക്കുന്നത്. ഇതോടൊപ്പം അവിടെയുള്ള കണ്ടൽക്കാടുകൾ വെട്ടിനിശിപ്പിക്കുകയും ചെയ്തു. സി.പി.ഐ.(എം.) നിയന്ത്രണത്തിലുള്ള ദൃശ്യകലാ സമിതിക്കുവേണ്ടി കളിക്കളം ഒരുക്കാനാണ് പുഴ കയ്യേറിയതെന്ന ആരോപണം ശക്തമാണ്. വലിയ മത്സ്യ സമ്പത്തുള്ള പുഴയാണ് കാരാട്ടുപുഴ. തൊട്ടടുത്തുള്ള തുരുത്തുകളെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ്. അതോടൊപ്പം നൂറുകണക്കിന് മത്സ്യത്തൊഴിലാളികൾ തങ്ങളുടെ നിത്യവൃത്തിക്കായി ആശ്രയിക്കുന്ന പുഴ നികത്തിയതിലൂടെ അവിടത്തെ മത്സ്യസമ്പത്തും നശിക്കാൻ തുടങ്ങിയിരിക്കുന്നു. മുന്നൂറോളം ലോഡ് വേസ്റ്റാണ് ഈ

പുഴ നികത്തുന്നതിന് ഉപയോഗിച്ചിരിക്കുന്നത്. നാട്ടുകാർ വിവരമറിയിച്ചിട്ടും റവന്യൂ-പോലീസ് ഉദ്യോഗസ്ഥരാരും തിരിഞ്ഞുനോക്കിയില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പാസ്സാക്കിയ നിയമങ്ങളും ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകളും വിധിന്യായങ്ങളും ലംഘിച്ചുകൊണ്ടാണ് ഈ പുഴ കയ്യേറ്റം നടന്നിട്ടുള്ളത്. ഒരു പുഴ നശിച്ചാൽ ഒരു നാട് നശിക്കും, ഒരു സംസ്കാരം നശിക്കും. ഞാൻ വടകരയിൽ പോയിരുന്നു. ഈ പ്രദേശം ഞാൻ സന്ദർശിച്ചിരുന്നു. നമുക്ക് അത്ഭുതം തോന്നും. ഒരു പുഴയുടെ ഗതിതന്നെ പൂർണ്ണമായും മാറ്റിയ രീതിയിലാണ് ഈ നികത്തൽ നടന്നിട്ടുള്ളത്. ഈ പുഴ മണ്ണിട്ട് നികത്തുന്ന നടപടി ഒരു കാരണവശാലും ആര് ചെയ്താലും അംഗീകരിക്കാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ നാളെ കേരളത്തിൽ ഒരു പുഴയും ഉണ്ടാവുകയില്ല. ഇങ്ങനെ ആളുകൾ പുഴ നികത്താൻ തുടങ്ങിയാൽ നാളെ നമ്മുടെ നാടിന്റെ സ്ഥിതിയെന്താകും; ഇപ്പോൾത്തന്നെ പ്രകൃതിയുടെ ആഘാതങ്ങൾ നേരിടുന്ന സംസ്ഥാനമാണിത്. തുലാവർഷവും ഇടവപ്പാതിയും നമുക്ക് നഷ്ടപ്പെട്ടു. പുഴകൾ ഇല്ലാതാകുന്നതുകൊണ്ട് കേരളത്തിനുണ്ടാകുന്ന വലിയ തോതിലുള്ള ആഘാതം കണക്കിലെടുക്കണം. ഞാൻ ഈ വിവരം അറിഞ്ഞപ്പോൾത്തന്നെ റവന്യൂ വകുപ്പുമന്ത്രിയെ ഫോണിൽ വിളിച്ചു. അദ്ദേഹം ഒരു മീറ്റിംഗിലായിരുന്നു. പിറ്റേദിവസം രാവിലെ ഞാൻ അദ്ദേഹത്തെ

വിളിച്ചു. ഇത് ഒരു കാരണവശാലും അംഗീകരിക്കരുതെന്ന് ഞാൻ പറഞ്ഞു. കുറ്റ്യാടിപ്പുഴയെന്ന് പറയുന്നത് വലിയ പുഴയാണ്. അതിന്റെ കൈവഴിയാണ് നികത്തിയിട്ടുള്ളത്. റവന്യൂ വകുപ്പുമന്ത്രിയെ രാവിലെ വീണ്ടും വിളിച്ച് ഞാൻ ഇക്കാര്യം പറഞ്ഞു. അദ്ദേഹം നടപടിയെടുക്കാമെന്ന് പറഞ്ഞു. എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി വിശദീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് ഒരു കാരണവശാലും അംഗീകരിക്കരുത്. ആരാണെങ്കിലും ശരി, ന്യായമായും ആ കയ്യേറ്റം ഒഴിപ്പിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ വിഷയം ശ്രീ. സി. കെ. നാണുവും ഉന്നയിച്ചിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ്.

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കോൺഗ്രസ് (ഐ)-യുടെ കോഴിക്കോട് ജില്ലാ പ്രസിഡന്റും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. ടി. ബൽറാമും കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ് ശ്രീ. ടി. സിദ്ദിഖും പങ്കെടുത്ത ഒരു യോഗം നടക്കുകയുണ്ടായി. ആ യോഗത്തിലെ സ്വാഗത പ്രസംഗം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഞാൻ വായിച്ചു കേൾപ്പിക്കാം. '65 വർഷങ്ങൾക്കുമുമ്പ് പുത്തൻപുരയിൽ മാധവിന്റെ മകൻ പുത്തൻപുരയിൽ

നാരായണനെന്ന പട്ടാള ഉദ്യോഗസ്ഥന് സർക്കാർ ലീസിന് നൽകിയ ഭൂമിയാണിത്. വർഷങ്ങളോളം മാതുവും കുടുംബവും ഈ പുറമ്പോക്ക് ഭൂമിയിൽ കൃഷി ചെയ്തുവരികയായിരുന്നു. ഇവിടെ ഉപ്പുവെള്ളം കയറിയതുകാരണം കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥ വന്നു. അവരുടെ സമ്മതത്തോടെ തൊഴിലാളികൾ തൊണ്ട് തല്ലുന്ന പ്രവൃത്തി നടത്തി. വ്യവസായം തകർന്നതിനുശേഷം ഇവിടം കുട്ടികൾ കളിസ്ഥലമാക്കി മാറ്റിയെന്നത് സത്യമാണ്. കളിസ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ ഭൂമിയായി മാറിയിട്ടില്ല.' ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതെല്ലാം അവിടെ വന്നപ്പോൾ ഒരുപക്ഷേ അദ്ദേഹത്തിന് തോന്നിയതായിരിക്കും. വർഷങ്ങൾക്ക് മുമ്പ് അത് കളിസ്ഥലമായിരുന്നു. ഇതൊരു പ്രശ്നമായതിനുശേഷം ഒരു എം.എൽ.എ. എന്ന നിലയിൽ ഞാൻ അവിടെ പോയിരുന്നു. ആളുകളെയെല്ലാം വിളിച്ചുവരുത്തി. ഇത് ഒരു വ്യക്തി കയ്യേറിയതല്ല. അവിടം സി.പി.ഐ.(എം.)-ന്റെ കോട്ടയൊന്നുമല്ല. 44 വോട്ടിനാണ് അവിടെ മെമ്പർ ജയിച്ചത്. അദ്ദേഹം ജയിച്ചതിന് പിന്നിൽ സി.പി.ഐ. ഉണ്ട്, ജനതാദൾ (എസ്) ഉണ്ട്, കോൺഗ്രസ് (എസ്) ഉണ്ട്, എൻ.സി.പി. ഉണ്ട്. ഞങ്ങൾ എല്ലാ കക്ഷിക്കാരുമുണ്ട്. അടുത്ത് രണ്ട് കക്ഷികൾ ജയിച്ചത് മുസ്ലീംലീഗിന്റേതാണ്. സി.പി.ഐ.(എം.)-ന്റെ കോട്ടയെന്നുള്ള നിലയിൽ ഇതിനെ വിലയിരുത്തേണ്ടതില്ല.

അവിടെ ഒരു വ്യക്തിയുടെ ഭൂമിയല്ല. പുഴയോരത്തുള്ള കുട്ടികൾ കളിക്കുന്ന സ്ഥലമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഞാൻ ഓർമ്മിപ്പിക്കുകയാണ്, ഞാൻ അവിടെ പോയപ്പോൾ അടുത്ത വീടുകളിൽ താമസിക്കുന്ന കുറെ സ്ത്രീകൾ വന്നിരുന്നു. അവിടെ അടുത്തുള്ള ജവഹർലാൽ നെഹ്റു ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികളും വേറെ അടുത്തുള്ള ഏഴാം ക്ലാസ്സ് വരെയുള്ളതും നാലാം ക്ലാസ്സ് വരെയുള്ളതുമായ സ്കൂളിലെ കുട്ടികളും കളിക്കുന്ന സ്ഥലമാണിതെന്നാണ് അവർ പറഞ്ഞത്. കുട്ടികളെ ഈ സ്ഥലത്ത് കളിക്കാൻ അനുവദിച്ചില്ലെങ്കിൽ ഞങ്ങളുടെ കുട്ടികൾ വേറെ എവിടെയെങ്കിലും പോകും. അതിന്റെ അപകടം താങ്കൾക്ക് അറിയാമോ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അക്കാര്യം അവർ എന്നോട് പറഞ്ഞിരുന്നു. തൊട്ടപ്പുറത്തെ വളവ് തിരിയുന്നിടത്ത് ഒരു എൽ.പി. സ്കൂളുണ്ട്. അത് അങ്ങേയ്ക്കും അറിയാമല്ലോ; അവിടെ നല്ലൊരു കളിസ്ഥലമുണ്ടല്ലോ; അവിടെ കുട്ടികൾക്ക് കളിക്കാമല്ലോ; ഈ പുഴ നികത്തി എന്തിനാണ് കളിക്കുന്നത്?

<u>ശ്രീ. സി. കെ. നാണു:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വളരെ ഗൗരവത്തിലെടുത്ത് ഞാൻ പറയുകയാണ്, നമ്മൾ സാധാരണ പലതിനും എം.എൽ.എ.-മാരുടെ കമ്മിറ്റി വയ്ക്കാറുണ്ട്. ഭരണപക്ഷത്തുനിന്നും

പ്രതിപക്ഷത്തുനിന്നുമുള്ള മൂന്നോ നാലോ അംഗങ്ങളടങ്ങുന്ന ആ കമ്മിറ്റിക്ക് അവിടെ പോകാം. എനിക്കിതിൽ രാഷ്ട്രീയമില്ല. ഒരു കാരണവശാലും സർക്കാരിന്റെ ഒരിഞ്ച് ഭൂമി ഒരു സ്വകാര്യ വ്യക്തി കയ്യേറുന്നതിന് വടകരയിലല്ല കേരളത്തിൽ ഒരു സ്ഥലത്തും അനുകൂലിക്കുന്ന മാനസികാവസ്ഥയുള്ളവനല്ല ഞാൻ. പക്ഷെ, ഇതൊരു സ്വകാര്യ വ്യക്തിയുടേതല്ല. അവിടെ കളിക്കുന്ന കുട്ടികളിൽ സി.പി.ഐ.(എം.)-കാരുണ്ടാകും. ഞാൻ കളവ് പറയില്ലെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ; ഞാൻ അവിടെ പോയ സന്ദർഭത്തിൽ ഈ സ്വാഗത പ്രസംഗം നടത്തിയയാളുടെ സഹോദരനും കോൺഗ്രസിന്റെ മൂന്നോ നാലോ ആളുകളും വന്ന് എന്നോട് പറഞ്ഞത്, 'നാണുവേട്ടാ, ഇത് എന്ത് പ്രശ്നമാണ്; ഇവിടെ ഞങ്ങളെല്ലാം കളിച്ച സ്ഥലമാണ്' എന്നുമാണ്. ഒരു പുഴ അങ്ങനെ കയ്യേറി വയ്ക്കാൻ സാധിക്കില്ല. കുറച്ച് കഴിയുമ്പോൾ വെള്ളം കയറും. പുഴയിൽ നിന്ന് വെള്ളം കയറി താഴ്ന്നുപോകുമ്പോൾ കളിസ്ഥലമായതുകൊണ്ട് അവിടെ കളിക്കാൻ കുറച്ച് മണ്ണിട്ട് അവർ നികത്തുമെന്നതിൽ കവിഞ്ഞ് ഒരിഞ്ച് സ്ഥലം പോലും പുഴയിൽ നിന്ന് കയ്യടക്കിയിട്ടില്ല. ഇത് ഞാൻ വസ്തുതാപരമായി പറയുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചാൽ കുറെ ഭൂമി കയ്യേറിയതായി തോന്നും. അത് കയ്യേറിയത് ഇപ്പോഴല്ല. വർഷങ്ങൾക്കുമുമ്പ് അവിടെ മടൽ പൂഴ്ത്താൻ കൊടുത്തു. അതിനുശേഷം ഒരു സൊസൈറ്റിക്ക് മടൽ

പൂഴ്ത്താനും ചകിരി അടിക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. അന്നൊക്കെ മണ്ണിട്ടിട്ടുണ്ടാകാം. റെക്കോർഡ്സ് നോക്കിയാൽ പത്തോ ഇരുപത്തിയഞ്ചോ സെന്റ് ഭൂമി കയ്യേറിയിട്ടുണ്ടാകാം. അവിടെ മുനിസിപ്പാലിറ്റിയുണ്ട്. മുനിസിപ്പാലിറ്റി പരിശോധിക്കട്ടെ, തഹസിൽദാർ പരിശോധിക്കട്ടെ. ഏതെങ്കിലുമൊരു സ്വകാര്യ വ്യക്തിയോ ഏതെങ്കിലുമൊരു പാർട്ടിയോ അവരുടെ പേരിലാണ് ഇത് കയ്യേറിയതെങ്കിൽ ഒരിഞ്ച് ഭൂമിപോലും വിട്ടു കൊടുക്കേണ്ട. പക്ഷെ, പുഴയോരത്ത് താമസിക്കുന്ന കുട്ടികൾക്ക് വേറെ ഗതിയില്ല. പന്ത് വെള്ളത്തിൽ പോയാൽ എന്ത് ചെയ്യുമെന്ന് ഞാൻ അവിടെ പോയ അവസരത്തിൽ അവരോട് ചോദിച്ചിരുന്നു. പന്ത് വെള്ളത്തിൽ പോയാൽ കുട്ടികൾ നീന്തിപ്പോയി എടുത്ത് വീണ്ടും കളിക്കുമെന്നാണ് അവർ പറഞ്ഞത്. വടകരയിൽ ഫുട്ബോൾ കളിച്ചയാളാണ് ഞാൻ. ഫുട്ബോൾ കളിക്കാൻ ഞങ്ങൾക്ക് സ്ഥലമില്ലായിരുന്നു. വടകര റെയിൽവേ സ്റ്റേഷനടുത്തുള്ള റെയിൽവേ മൈതാനത്താണ് ഞങ്ങൾ ഫുട്ബോൾ കളിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെ വന്നു. ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞ വാക്കുകളൊക്കെ വളരെ ഗൗരവമേറിയതാണ്. ചെറുപ്പക്കാരനായ ശ്രീ. വി. ടി. ബൽറാമും അവിടെ പോയി. കയ്യേറ്റം നടത്തിയത് ഏതെങ്കിലും ഒരു വ്യക്തിക്കുവേണ്ടിയാണെന്നാണ്

പറയുന്നതെങ്കിൽ അത് ശരിയല്ല. ഇതാണ് വസ്തുതയെന്ന് ഞാൻ വ്യക്തമാക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവും അതുപോലെ സ്ഥലം എം.എൽ.എ. ആയ ശ്രീ. സി .കെ. നാണുവേട്ടനും ഉന്നയിച്ചത് ഒരേ വിഷയങ്ങളാണ്. ഇതുസംബന്ധിച്ച് പരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവ് എന്നെ ഫോണിൽവിളിച്ച് പറയുകയും ചെയ്തതാണ്. കോഴിക്കോട് ജില്ലയിലെ ഈ പറഞ്ഞ കയ്യേറ്റങ്ങൾ വളരെ സമീപകാലത്ത് നടത്തിയ കയ്യേറ്റങ്ങളല്ലെന്നും പൊതുവെ ബോദ്ധ്യപ്പെടുന്നത് പഴയ കാലത്തെ കയ്യേറ്റങ്ങളാവാം എന്നുമാണ്. അതിപ്പോൾ ചൂണ്ടിക്കാണിച്ചതുപോലെ അവിടെ ഒരു കെട്ടിടവും ഏഴ് വർഷം പ്രായമുള്ള രണ്ട് തെങ്ങിൻതൈകളുമുണ്ട് എന്നൊക്കെയുള്ള വിവരങ്ങളാണ് ജില്ലാകളക്ടറിൽനിന്നും ലഭിച്ചിട്ടുള്ളത്. അതിന്റെ വിശദമായ പരിശോധനയിൽ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമിയും പുഴ പുറംമ്പോക്കെന്ന നിലയിലുമാണ്. സ്വാഭാവികമായും അത് പരിശോധിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഈ സംഭവമാണ് കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക്, വടകര വില്ലേജിൽ, വടകര ദേശത്ത് സർവ്വേ നമ്പർ 158-ൽ കോട്ടപ്പുഴയുടെ ഭാഗമായ കാരാട്ടുപുഴയും പുഴപ്പുറമ്പോക്കായ ഭൂമിയും 1994-ലെ കേരള

മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. പ്രസ്തുത സർവ്വേ നമ്പരിൽ പുഴയോട് ചേർന്നുള്ള കുറേഭാഗം വേലിയേറ്റസമയത്ത് പുഴയായും വേലിയിറക്കസമയത്ത് കരയായും കാണപ്പെടുന്നതായിരുന്നു. അതിൽ സ്വകാര്യഭൂമിയോട് ചേർന്നുവരുന്നതും വേലിയിറക്കസമയത്ത് കരയായി മാറുന്നതുമായ ഏകദേശം 25 സെന്റ് സ്ഥലം കയ്യേറി മണ്ണിട്ട് നികത്തിയതായി കാണപ്പെട്ടു. പ്രസ്തുത സ്ഥലത്ത് ദൃശ്യകലാസമിതിയുടെ 39/220-ാം നമ്പർ ഓടിട്ട ഒരു കെട്ടിടവും ഏഴ് വർഷം പ്രായമായ രണ്ട് തെങ്ങിൻതൈകളും ഇപ്പോഴുണ്ട്. ഈ സ്ഥലം കളിസ്ഥലമായി ഉപയോഗിച്ച് വരുന്നതായി കാണുന്നു. ഭൂമി മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതിനാൽ ഈ പറയുന്ന സ്ഥലത്തെ കയ്യേറ്റം സംബന്ധിച്ച് വിശദമായ കാര്യങ്ങൾ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ മുനിസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കൽ

ശ്രീ. എ. എൻ. ഷംസീർ : സർ, ഈ സഭാസമ്മേളനത്തിൽ സ്ത്രീത്വത്തിന് വേണ്ടി വലിയ പ്രതിഷേധങ്ങളാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ഉയർത്തിക്കൊണ്ടുവരുന്നത്. എന്നാൽ അവരാരും ഉന്നയിക്കാത്ത ഒരു വിഷയം,

മലപ്പുറം ജില്ലയിൽ വേങ്ങര മണ്ഡലത്തിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ XV-ാം വാർഡുമെമ്പറും മുസ്ലീം ലീഗിന്റെ നേതാവുമായ നെടുമ്പള്ളി സെയ്തലവിയും അദ്ദേഹത്തിന്റെ സുഹൃത്ത് ഫസൽ ആബിദ് എന്നയാളും ചേർന്ന് അതേ പഞ്ചായത്തിലെ ഒന്നാം വാർഡ് ലീഗ് മെമ്പറെ പീഡിപ്പിച്ച ഒരു സംഭവം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ദൃശ്യങ്ങൾ മൊബൈലിൽ പകർത്തുകയും അത് കാണിച്ച് ഭീഷണിപ്പെടുത്തുകയും പ്രതികൾ പരാതിക്കാരിയെ പല സ്ഥലങ്ങളിലും കൊണ്ടുപോയി വീണ്ടും വീണ്ടും പീഡിപ്പിക്കുകയുമായിരുന്നു. പ്രതി നെടുമ്പള്ളി സെയ്തലവി, മുസ്ലീം ലീഗിന്റെ കണ്ണമംഗലം ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡ് മെമ്പറും കണ്ണമംഗലത്തെ മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറിയുമാണ്. പരാതിക്കാരി കൊടുത്ത കേസിന്റെ അടിസ്ഥാനത്തിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ സെയ്തലവിയെ അറസ്റ്റ് ചെയ്ത് പിന്നീട് വിടുകയാണുണ്ടായത്. പക്ഷേ രണ്ടാം പ്രതിയായ ഫസൽ ആബിദിനെ ഇതുവരെ പിടികൂടുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നാണ് കുടുംബത്തിന്റെ ആവശ്യം. ഇവിടെ മുസ്ലീം ലീഗിന്റെ ഉന്നത നേതൃത്വമുൾപ്പെടെ ഇതിലെ പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് എടുത്തിട്ടുള്ളത്. സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കടന്നുവരാൻ മടിക്കുന്ന ഘട്ടത്തിലാണ് പൊതുസമൂഹത്തിനാകെ

അപമാനകരമായ ഇത്തരമൊരു സംഭവം ഉണ്ടായിട്ടുള്ളത്. ഇതുസംബന്ധിച്ച് മുസ്ലീം ലീഗിന്റെ രാഷ്ട്രീയ നിലപാട് വ്യക്തമാക്കിയിട്ടില്ല. പൊതുരംഗത്തേയ്ക്ക് കടന്നുവരുന്ന സ്ത്രീകളെ ഇത്തരത്തിൽ അപമാനിക്കുന്ന അല്ലെങ്കിൽ ശാരീരികമായി പീഡിപ്പിക്കുന്ന സംഭവം സഭാ സമ്മേളനം ഗൗരവമായി കാണണം. ഇതിലെ പ്രതികളെ ഉടൻതന്നെ പിടിക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, മലപ്പുറം ജില്ലയിലെ കണ്ണമംഗലം പഞ്ചായത്ത് മുസ്ലീംലീഗ് മെമ്പറായ വനിതയെ അതേ പഞ്ചായത്തിലെ മുൻ പ്രസിഡന്റും നിലവിൽ പഞ്ചായത്ത് അംഗവും മുസ്ലീം ലീഗ് നേതാവുമായ സെയ്തലവി പഞ്ചായത്ത് ഹാളിൽവച്ച് പീഡിപ്പിക്കുകയും രംഗങ്ങൾ മൊബൈലിൽ ചിത്രീകരിക്കുകയും ചെയ്തതായും ആ ചിത്രങ്ങൾ കാണിച്ച് വീട്ടിൽ അതിക്രമിച്ച് കയറി ബലാൽസംഗം ചെയ്യുകയും ആയത് പുറത്തുപറഞ്ഞാൽ ഭർത്താവിനെയും മകനെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായും കാണിച്ച് 01.03.2017-ന് വേങ്ങര പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തംഗമായ സെയ്തലവിയെ പ്രതിയാക്കി ക്രൈം നമ്പർ 60/17 ആയി കേസ്സെടുത്തിട്ടുണ്ട്. മഞ്ചേരി ജില്ലാ സെഷൻസ് കോടതിയിൽ നൽകിയ മുൻകൂർ

ജാമ്യാപേക്ഷയിലെ ഉത്തരവനുസരിച്ച് ടിയാനെ നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പ്രതി ഉപയോഗിച്ചിരുന്ന മൊബൈൽ ഫോൺ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിവരുന്നു. മേൽകേസ്സിലെ അന്യായക്കാരിയും പ്രതിയായ സെയ്തലവിയും തമ്മിൽ അവിഹിത ബന്ധമാണെന്ന് കാണിച്ച് ഭീഷണിപ്പെടുത്തി അന്യായക്കാരിയെ 25.01.2016-ന് കാറിൽ കയറ്റിക്കൊണ്ടുപോയി ലോഡ്ജ് മുറിയിൽവച്ച് ബലാൽസംഗം ചെയ്യുകയും ഫോട്ടോകൾ എടുക്കുകയും ഇന്റർനെറ്റിലും വാട്ട്സാപ്പിലും പ്രചരിപ്പിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി 06.12.2016-ന് കരിപ്പൂരിനടുത്തുള്ള ലോഡ്ജിൽ കൊണ്ടുപോയി അവിടെവച്ച് ബലാൽസംഗം ചെയ്തുവെന്നും പറഞ്ഞ് 01.03.2017-ന് കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തംഗമായ മുസ്ലീം ലീഗ് നേതാവിന്റെ സുഹൃത്തും മുസ്ലീം ലീഗുകാരനുമായ ഫസൽ ആബിദിനെ പ്രതിയാക്കി ക്രൈം നമ്പർ 100/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം കൊണ്ടോട്ടി പോലീസ് നടത്തിവരുന്നു. പ്രതിയെ കണ്ടെത്തുന്നതിനും കുറ്റകൃത്യത്തിന് ഉപയോഗിച്ച മൊബൈൽ ഫോണും പ്രതി ഇരയിൽനിന്നും കൈപ്പറ്റിയതായി പറയുന്ന ഒന്നര പവന്റെ മാലയും കണ്ടെടുക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളും നടത്തിവരുന്നു. കേസിന്റെ

അന്വേഷണം ഒരു പ്രത്യേക ടീമിനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്

## കുടിവെള്ളക്ഷാമം

ശ്രീ. വി. എസ്. ശിവകുമാർ : സർ, തിരുവനന്തപുരം ജില്ലയുടെ പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ശാശ്വതമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് തൊണ്ണൂറ് ശതമാനം ജനങ്ങളും കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളാണ്. തിരുവനന്തപുരം നഗരത്തിന് നാനൂറ് എം.എൽ.ഡി. വെള്ളമാണ് ആവശ്യമായിട്ടുള്ളത്. കുടിവെള്ളവിതരണം കാര്യക്ഷമമായി നടക്കാത്തതുകാരണം ആവശ്യമുള്ളതിന്റെ മൂന്നിലൊന്ന് ശതമാനം കുടിവെള്ളം പോലും ലഭ്യമാകുന്നില്ല. ദിവസവും പന്ത്രണ്ട് മണിക്കൂർ പമ്പിംഗ് നിർത്തിവച്ചിരിക്കുകയാണ്. നേരത്തെതന്നെ കുടിവെള്ളം ലഭ്യമല്ലാത്ത, നഗരത്തിലെ ഉയർന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ വരൾച്ചയെ സംബന്ധിച്ച അടിയന്തര പ്രമേയം ഞാൻതന്നെ അവതരിപ്പിക്കുകയും കുടിവെള്ള വിതരണം സുഗമമാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന്

ആവശ്യപ്പെടുകയും ചെയ്തിരുന്നു. അന്നുതന്നെ സംസ്ഥാനത്തെ വരൾച്ചബാധിത മേഖലയായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷേ നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. അതാണ് പൊതുവായി കേരളത്തിന്റെയും പ്രത്യേകിച്ച് തലസ്ഥാന നഗരത്തിന്റെയും ഇന്നത്തെ ശുദ്ധജല വിതരണ രംഗത്തുണ്ടായ ദുരവസ്ഥയ്ക്ക് കാരണം. ജലരഹിതമായതിനുശേഷമാണ് നഗരത്തിൽ നെയ്യാറിൽനിന്നും വെള്ളം പമ്പ് ചെയ്തുകൊണ്ടുവരാൻ ആലോചിച്ചത്. വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും അതിൽ വെള്ളം നിറയ്ക്കുന്നതിനും കാലതാമസം ഉണ്ടാകുന്നു. ടാങ്കർവഴിയുള്ള കുടിവെള്ള വിതരണം ഫലപ്രദമാകുന്നില്ല. ഇതുകാരണം തിരുവനന്തപുരത്തെ ചേരിപ്രദേശങ്ങളിലും തീരദേശ മേഖലകളിലും കുടിവെള്ളത്തിനായി ജനം നെട്ടോട്ടമോടുകയാണ്. എം.എൽ.എ.-മാരേയും ജനപ്രതിനിധികളേയും വിളിച്ച് അവർ നിരന്തരം പരാതിപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. ആശുപത്രികളുടെ സ്ഥിതിയും ഒട്ടും മെച്ചമല്ല. കുടിവെള്ളം ലഭ്യമല്ലാത്ത മേഖലകളിൽ മലിനജലം ഉപയോഗിക്കുന്നതുകൊണ്ട് ജലജന്യ രോഗങ്ങൾ പടർന്നുപിടിക്കുകയാണ്. ഇതുമൂലം പകർച്ചവ്യാധികളുടെ തലസ്ഥാനമായി തിരുവനന്തപുരം മാറിയിരിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലെ ജനസംഖ്യ അഞ്ച് ലക്ഷമായിരുന്നു. അന്ന് അരുവിക്കരയിൽനിന്നും

കുടിവെള്ളം കൊണ്ടുവന്നാണ് ഇവിടത്തെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെ ട്ടിരുന്നത്. അതിപ്പോൾ പതിനഞ്ച് ലക്ഷത്തോളമായി. പേപ്പാറ ഡാമിൽനിന്നും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചത് 1983-ൽ ആണ്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് കാലാനുസൃതമായി അതിന് വേണ്ട പദ്ധതികൾ ആവിഷ്കരിച്ച്, തിരുവനന്തപുരം നഗരത്തിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നെയ്യാർ ഡാമിൽനിന്നും പി.ടി.പി.-യിലേയ്ക്ക് വെള്ളം കൊണ്ടുവരുന്നതിന് 260 കോടി രൂപയുടെ ഒരു പദ്ധതിയെപ്പറ്റി ആലോചിച്ചിരുന്നു. ഇതിനുമുമ്പ് ഒരു ചോദ്യം ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞത് 'കിഫ്ബി'-യിൽ ഉൾപ്പെടുത്തി ആ പദ്ധതി നടപ്പാക്കുമെന്നാണ്. ഇന്നത്തെ ഈ ദുരവസ്ഥയ്ക്ക് അടിയന്തരമായി പരിഹാരം കാണേണ്ടതുണ്ട്. അതുകൊണ്ട് 'കിഫ്ബി'-യിൽ ഉൾപ്പെടുത്തി സമയബന്ധിതമായി ആ പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ തിരുവനന്തപുരത്ത് ഭാവിയിൽ അതിരൂക്ഷമായിട്ടുള്ള കുടിവെള്ളക്ഷാമമുണ്ടാകും. ഈ കാര്യത്തിൽ ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകുന്നതിന് ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, സംസ്ഥാനത്ത്

കഴിഞ്ഞ വർഷം ഉണ്ടായ മഴയുടെ കുറവ് സംസ്ഥാനത്തുടനീളം എല്ലാ കുടിവെള്ള പദ്ധതികളേയും സാരമായി ബാധിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സ് വാമനപുരം, കരമന, നെയ്യാർ എന്നീ നദികളാണ്. ഇവിടെ വാമനപുരം നദിയിലും കരമനയാറിലും വെള്ളം തീരെ കുറഞ്ഞിരിക്കുകയാണ്, നെയ്യാറിലും ഗണ്യമായ കുറവ് അനുഭവപ്പെടുകയാണ്. ഇവിടെ പല പദ്ധതികൾ, ഞാൻ ആ പദ്ധതികളുടെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പ്രധാനമായും സിറ്റിയിൽ കുടിവെള്ള മെത്തിക്കുന്ന പദ്ധതി എന്നുപറയുന്നത് അരുവിക്കരയാണ്. പേപ്പാറ ഡാമിൽനിന്നും വെള്ളം അവിടെ എത്തിച്ച് 265 ദശലക്ഷം വെള്ളം പമ്പ് ചെയ്താണ് ടൗണിലെ പ്രധാന ആവശ്യം നിറവേറ്റുന്നത്. എന്നാൽ അതോടൊപ്പംതന്നെ കരമനയാറ്റിൽനിന്നും വെള്ളമെടുത്ത് ചൂഴാറ്റുകോട്ടയിലും അതുപോലെ വെള്ളായണിയിൽനിന്നും ജലമെടുത്ത് വണ്ടിത്തടത്തുമൊക്കെ കൊടുക്കുന്ന ചെറിയ പദ്ധതികളുണ്ട്. കഴിഞ്ഞ മൺസൂൺ കാലത്ത് മഴ കുറഞ്ഞത് കണക്കിലെടുക്കുമ്പോൾ മേയ് 17-ാം തീയതിവരെ വിതരണം ചെയ്യുന്നതിനുള്ള വെള്ളം മാത്രമേ പേപ്പാറ ഡാമിൽ സംഭരിക്കപ്പെട്ടിട്ടുള്ളൂ. വേനൽമഴ സംസ്ഥാനത്തൊട്ടാകെ ലഭിച്ചപ്പോഴും തിരുവനന്തപുരം ജില്ലയിൽ ലഭിച്ചപ്പോഴും കുടിവെള്ള സ്രോതസ്സുകളുടെ വൃഷ്ടിപ്രദേശത്ത് വേണ്ടത്ര മഴ ലഭിക്കാതെ പോയത്

ഈ പ്രശ്നത്തിന്റെ ഗൗരവം വളരെ വർദ്ധിക്കുന്നതിന് കാരണമായി. അതുകൊണ്ട് മേയ് 17 വരെ ഉപയോഗിക്കുന്നതിനുള്ള വെള്ളം മാത്രമേ കൈവശമുള്ളൂവെന്ന് തിരിച്ചറിഞ്ഞുകൊണ്ട് പമ്പിംഗിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തി. 17-ാം തീയതിവരെയുള്ള ജലം 22-ാം തീയതി വരെ ഉപയോഗിക്കുന്നതിന് ഒരു നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി. ഏപ്രിൽ മാസം 18-ാം തീയതി മുതൽ പമ്പിംഗിൽ 25% കുറവ് ഏർപ്പെടുത്തി. പക്ഷേ അതിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കിയപ്പോൾ, 25 ശതമാനം പമ്പിംഗ് കുറച്ചതോടുകൂടി വ്യാപകമായി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥിതി കണ്ടതുകൊണ്ട് താൽക്കാലികമായി ആ പമ്പിംഗ് നിയന്ത്രണം മാറ്റി വച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ അതികഠിനമായ വേനൽ ചൂടുമൂലം ജലവിതാനം വളരെവേഗം താഴ്ന്നു പൊയ്ക്കൊണ്ടിരിക്കുന്നു എന്ന ആപത്തും നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. അതുകൊണ്ട് വെള്ളം കൂടുതലായി അരുവിക്കരയിൽ എത്തിക്കാൻവേണ്ടി തീവ്രമായ ഒരു നടപടിയിലേയ്ക്കാണ് സർക്കാർ നീങ്ങിയത്. നെയ്യാർ ഡാമിൽനിന്ന് ഘട്ടംഘട്ടമായി പല സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ട് 100 MLD (പ്രതിദിനം 100 ദശലക്ഷം ലിറ്റർ) വെള്ളം അരുവിക്കര റിസർവ്വോയറിൽ എത്തിക്കാൻവേണ്ടിയുള്ള തീവ്രമായ പരിശ്രമത്തിലാണ്

സർക്കാർ ഇപ്പോൾ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ ആഴ്ചതന്നെ ഇറിഗേഷൻ വകുപ്പിന്റെ ഒരു ഡ്രെഡ്ജർ അവിടെ ഇറക്കി. ഡ്രെഡ്ജർ ഇറക്കുക എന്നത് നിസ്സാരമല്ല. ആലപ്പുഴയിൽനിന്ന് അത് ഡിസ്മാന്റിൽ ചെയ്ത് ക്രെയിൻ ഉപയോഗിച്ച് ട്രെയിലറിൽ കയറ്റി ഗതാഗത നിയന്ത്രണങ്ങൾ വരുത്തി അവിടെ എത്തിച്ച് ക്രെയിനിലൂടെത്തന്നെ ഇറക്കുകയാണ് ചെയ്യുന്നത്. അപ്പോൾ സമയമെടുക്കും. അങ്ങനെ 15 MLD വെള്ളമാണ് കഴിഞ്ഞ ആഴ്ച മുതൽ കൂടുതലായി പമ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. ട്രാവൻകൂർ സിമെന്റ്സിന്റെ ഡ്രെഡ്ജർ കഴിഞ്ഞ ദിവസം അവിടെ ഇറക്കിയിരുന്നു. അതിന്റെ പൈപ്പുകൾ ഫിറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് ഉച്ചയ്ക്ക് മുമ്പായി, ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ 24 MLD (പ്രതിദിനം 24 ദശലക്ഷം ലിറ്റർ) വെള്ളം പമ്പ് ചെയ്യാൻതക്കവണ്ണമുള്ള ട്രാവൻകൂർ സിമെന്റ്സിന്റെ ഡ്രെഡ്ജർ അവിടെ സജ്ജമായിക്കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ വാട്ടർ അതോറിറ്റിയുടെ രണ്ട് centrifugal pumps. ഇലക്ട്രിക് ലൈൻ വനാതിർത്തിയിലൂടെ വലിച്ച് ഇന്നോ നാളെയോ അവിടെ പമ്പിംഗ് ആരംഭിക്കാൻ കഴിയും. ഗുജറാത്തിൽനിന്നും പ്രത്യേകമായി വാങ്ങിയ രണ്ട് submersible pump അടുത്ത ദിവസംതന്നെ അവിടെ എത്തും. അങ്ങനെ

പ്രതിദിനം 100 MLD അധികമായി പമ്പ് ചെയ്യാൻതക്ക വണ്ണം... 1976-ൽ ഒരു പരിശ്രമം നടന്നതിനുശേഷം 40 കൊല്ലങ്ങൾക്കുശേഷം നെയ്യാർഡാമിൽനിന്ന് വനത്തിലൂടെ ഒന്നര കിലോമീറ്ററോളം പൈപ്പിട്ട് കുമ്പിൾതോടിലെത്തിച്ച് കാരിയോട് തോടുവഴി അണിയിലക്കടവിൽ എത്തിക്കുന്ന അതിസാഹസികമായ, അസാധ്യമെന്നുപോലും ഒരു ഘട്ടത്തിൽ വിലയിരുത്തിയ ഒരു പദ്ധതിക്ക് സർക്കാർ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിലൂടെ ധാരാളിത്തത്തോടുകൂടി ഉപയോഗിക്കാൻ വെള്ളം കിട്ടും എന്ന് ഞാൻ പറയുന്നില്ല. പക്ഷേ മേയ് 17 കഴിഞ്ഞാൽ ഒരുതുള്ളി വെള്ളംപോലും ഇല്ലാത്തൊരു അവസ്ഥയിൽനിന്ന് ഈ നഗരത്തെ വിമോചിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ അതേസമയം തന്നെ നെയ്യാർ ഡാമിന്റെ വലതുകര, ഇടതുകര കനാൽ തുറന്നുകൊടുക്കണം എന്ന വലിയ ആവശ്യമുണ്ടായി. അതിന്റെ പ്രധാനകാരണം അതുവഴി വെള്ളം വിട്ടാൽമാത്രമേ അതിന്റെ വശങ്ങളിലുള്ള കിണറുകളിൽ വെള്ളം കിട്ടുകയുള്ളൂ. ഇന്നലെ വൈകുന്നേരം മുതൽ തന്നെ നെയ്യാർ ഡാമിലെ ഇടതുകര കനാലും വലതുകര കനാലും തുറന്നുകൊടുത്തിട്ടുണ്ട്. ഡ്രെഡ്ജർ വെള്ളത്തിൽ ഇറക്കുന്ന സമയത്ത്

ഒരു ജലനിരപ്പ് നിലനിർത്തേണ്ടത് ഉണ്ടായിരുന്നതുകൊണ്ടാണ് താമസിച്ചത്. അത് ഇന്നലെ മുതൽതന്നെ തുറന്നുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

കിയോസ്കുകൾവഴി വെള്ളം കൊടുക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ജില്ലാ ഭരണകൂടം അതിന്റെ മേൽനോട്ടം വഹിക്കുന്നു. അതിനാവശ്യമായ വെള്ളം വാട്ടർ അതോറിറ്റി കൊടുക്കുന്നുണ്ട്. വാമനപുരം നദിയിൽ താൽക്കാലിക തടയണകൾ തീർത്ത് ലഭിച്ച വെള്ളം സംരക്ഷിച്ചു കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിസാഹസികമായ, അത്യധികം ബുദ്ധിമുട്ടുണ്ട് എന്ന് ധരിച്ചിരുന്ന നെയ്യാർ ഡാമിൽനിന്നുള്ള വെള്ളം കൊണ്ടുവരാൻ വലിയ ശ്രമമാണ് ജലവിഭവ വകുപ്പിലെയും ജലസേചന വകുപ്പിലെയും വാട്ടർ അതോറിറ്റിയുടെയും ഉദ്യോഗസ്ഥർ നടത്തിയത്. അവരോടൊപ്പം ഇലക്ട്രിസിറ്റി ബോർഡിലെയും വനം വകുപ്പിലെയും ഗതാഗത വകുപ്പിലെയും ഉദ്യോഗസ്ഥർ സഹകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഹ മന്ത്രിമാരുടെയും വലിയ കലവറയില്ലാത്ത പിന്തുണയും ഇതിനുണ്ടായി. ഇത് പ്രാവർത്തികമാക്കാൻ കഴിയുന്നതോടുകൂടി പരിപൂർണ്ണമായി വെള്ളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കും എന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. അതിരൂക്ഷമാണ് ഇത്തവണത്തെ വരൾച്ച. തീരെ വെള്ളമില്ലാത്ത അവസ്ഥയിൽനിന്ന് നഗരത്തിനെ

താൽക്കാലികമായി രക്ഷപ്പെടുത്തി നിർത്താൻ ഈ സംവിധാനം പ്രയോജനപ്പെടുമെന്നാണ് വിശ്വാസം.

ഗാർഹികേതര ആവശ്യങ്ങൾക്ക് മുട്ടത്തറ സ്വീവറേജ് പ്ലാന്റിലെ ശുദ്ധീകരിച്ച ജലം സൗജന്യമായി ലഭ്യമാക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ കുറച്ചാളുകൾ മാത്രമാണ് ആ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ശുദ്ധീകരിച്ച വെള്ളം നിർമ്മാണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കർശനമായി തടയാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെ ഉപയോഗിക്കുന്നതായി കണ്ടാൽ കർക്കശ നടപടി എന്ന നിലയിൽ ആ വാട്ടർ കണക്ഷനുകൾ വിച്ഛേദിക്കാൻ തന്നെയാണ് നിർദ്ദേശം. അടിയന്തര സാഹചര്യം നേരിടാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നിലവിലുണ്ട്. ഒരു ടോൾ ഫ്രീ നമ്പർതന്നെ സജ്ജീകരിച്ചിട്ടുണ്ട്. പൊതുനിരത്തിൽ കാണുന്ന ലീക്കുകൾ, ജലം പാഴായിപ്പോകൽ, ദുരുപയോഗം, മോഷണം തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് ഉടനടി അതോറിറ്റിയെ അറിയിക്കാവുന്നതാണ്. അതനുസരിച്ച് അടിയന്തര നടപടി സ്വീകകരിക്കുന്നതാണ്.

അത്യന്തം ഗൗരവമായൊരു സമയത്തിലൂടെയാണ്, ജലദൗർലഭ്യത്തിന്റെ

ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധി അതിജീവിക്കാൻ പൊതുസമൂഹം സഹകരിക്കുന്നുണ്ട്. ജലത്തിന്റെ ഉപയോഗം കഴിയുന്നത്ര കുറച്ച്, മിതത്വം പാലിച്ച് കരുതലോടെ ഉപയോഗിക്കാനുള്ള ഒരു വലിയ സന്ദേശം നൽകുന്ന കാര്യത്തിൽ ജന പ്രതിനിധികളെല്ലാവരുടെയും സഹായംകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

## കെ. എസ്. ആർ. ടി. സി. ടെർമിനൽ നിർമ്മാണം

ശ്രീമതി വീണാ ജോർജ്ജ്: സർ, പത്തനംതിട്ട ജില്ലാ ആസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയിട്ട് മാസങ്ങളായി. കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്താണ് തിരുവല്ല ടെർമിനലും പത്തനംതിട്ട ടെർമിനലും നിർമ്മിക്കുവാൻ തീരുമാനമായത്. തിരുവല്ലയിൽ ബി. ഒ. ടി. അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി അത് പൂർത്തിയാക്കി. എന്നാൽ ഈ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാത്രമാണ് പത്തനംതിട്ട കെ. എസ്. ആർ. ടി. സി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഈ സർക്കാർ വന്നതിനുശേഷം ഏതാണ്ട് 70 ശതമാനത്തോളം പണികൾ അവിടെ പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോൾ നിലവിൽ മൂന്നേമുക്കാൽ കോടി

രൂപ കരാറുകാരന് കൊടുക്കാനുണ്ട്. ഈ പണത്തിന്റെ കുറച്ചെങ്കിലും കൊടുക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ തുടരില്ല എന്നതാണ് കരാറുകാരന്റെ നിലപാട്. അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. കാരണം അടുത്ത ശബരിമല സീസൺ ആകുവാൻ ഇനി 6 മാസങ്ങൾ മാത്രമേ ശേഷിക്കുന്നുള്ളൂ. മാത്രമല്ല സമയം വൈകുംതോറും ഇതിന്റെ നിർമ്മാണച്ചെലവ് ഏറുകയുമാണ്. അൽപ്പംകൂടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ ഈ കടമുറികൾ ലേലത്തിൽ കൊടുക്കുവാൻ സാധിക്കും. അടിയന്തരമായി ഇതിന് പണം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): : സർ, പത്തനംതിട്ട ബസ് ടെർമിനലും വാണിജ്യ സമുച്ചയവും 63,108 സ്ക്വയർ ഫീറ്റ് ഏരിയ കണക്കാക്കി G + 2 നിലകളിൽ (Ground + 2) പ്രോജക്ട് തുക ഏകദേശം 8.27 കോടി രൂപയായി നിശ്ചയിച്ചുകൊണ്ട് നിർമ്മിക്കാൻ 28.12.2012-ലെ കെ. എസ്. ആർ. ടി. സി. ബോർഡ് യോഗം തീരുമാനിച്ചു. അന്നത്തെ എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായർ തന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 2 കോടി രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചു. രണ്ട് നിലകളിലായി 702.75

ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന കെട്ടിടം ഡിപ്പോ ആവശ്യത്തിന് നിജപ്പെടുത്തി പ്രത്യേകമായി കണക്കാക്കി പ്രസ്തുത 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. എസ്റ്റിമേറ്റ് തുകയേക്കാൾ 8.50 ശതമാനം ഉയർന്ന തുകയായ 2,17,00,000/- രൂപയ്ക്ക് ടെണ്ടർ സമർപ്പിച്ചു. M/s ക്രസന്റ് കൺസ്ട്രക്ഷൻസിന് പ്രസ്തുത പ്രവൃത്തി നൽകി. അധികം വരുന്ന 17 ലക്ഷം രൂപ എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും അനുവദിച്ചു. അതിൻ പ്രകാരം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടിന്റെ ബാക്കി ഭാഗത്തിന്റെ എസ്റ്റിമേറ്റ് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തെ ഒഴിവാക്കിക്കൊണ്ട് റിവൈസ് ചെയ്യുകയുണ്ടായി. ആകെ 6 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് സാങ്കേതികമായി അംഗീകരിക്കപ്പെടുകയും 16.09.2014-ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.95 ശതമാനം അധികം രേഖപ്പെടുത്തിയ M/s ക്രസന്റ് കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക് പ്രസ്തുത പ്രവൃത്തി നൽകുകയും ചെയ്തു. ടി കമ്പനി 15.10.2015-ൽ ജോലി ആരംഭിച്ചു. എന്നാൽ പേമെന്റിൽ ഉണ്ടാകുന്ന കാലതാമസം കാരണം എം.എൽ.എ.-യുടെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന കെട്ടിടത്തിന്റെ ജോലി 24.01.2017 മുതലും ബാക്കി ഭാഗത്തിന്റെ ജോലി 15.02.2017 തീയതിയോടുകൂടിയും M/s ക്രസന്റ്

കൺസ്ട്രക്ഷൻസ് നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ രണ്ട് കെട്ടിടങ്ങളുടെയും രണ്ട് നിലകളും സ്ട്രക്ചറൽ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. M/s ക്രസന്റ് കൺസ്ട്രക്ഷൻസിനുവേണ്ടി രണ്ട് പാർട്ട് ബില്ലുകളിലുമായി ആകെ 1,53,72,953 രൂപയിൽ 84,11,709 രൂപ 03.04.2017 വരെയുള്ള കണക്കനുസരിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. ബാക്കി 69,61,214/- രൂപകൂടി കരാറുകാരന് നൽകാനുണ്ട്. എം.എൽ.എ.-യുടെ ഫണ്ട് ഉപയോഗിച്ച്, 2 കോടി 17 ലക്ഷം രൂപയ്ക്ക് ചെയ്യുന്ന പ്രവൃത്തിയിൽ ഫസ്റ്റ് പാർട്ട് ബിൽ പ്രകാരം കരാറുകാരന് നൽകാനുള്ള 1,33,44,560/- രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഇതുകൂടാതെ കമ്പനിക്ക് നൽകേണ്ട 69,61,874/- രൂപ ലേലം ടെണ്ടർ നടപടികളിലൂടെ നിക്ഷേപം ലഭ്യമാകുന്ന മുറയ്ക്ക് കമ്പനിക്ക് നൽകിക്കൊണ്ട് നിർമ്മാണപ്രവൃത്തികൾ പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു. മദ്ധ്യതിരുവിതാംകൂറിന്റെ തലസ്ഥാനമായ പത്തനംതിട്ടയിൽ ഇത്തരം ഒരു ബസ് ടെർമിനലും വാണിജ്യ സമുച്ചയവും അത്യന്താപേക്ഷിതമാണെന്നറിയാം. അതുകൊണ്ട് തീർച്ചയായും മാഡം വീണാ ജോർജ്ജിന് ഞാൻ ഉറപ്പു നൽകുന്നു, അടിയന്തിരമായി ഇടപെട്ട് ആ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## പദ്ധതികളുടെ കാലതാമസം

ശ്രീ. എൻ. ഷംസുദീൻ: സർ, എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എം.എൽ.എ.-മാർക്ക് ആസ്തിവികസന ഫണ്ട് വലിയ അനുഗ്രഹമാണ്, നിയോജകമണ്ഡലത്തിലെ ഒരുപാട് പ്രധാനപ്പെട്ട ജോലികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് സാധിക്കും. പക്ഷേ ഇപ്പോഴുള്ള അവസ്ഥ കഴിഞ്ഞ വർഷത്തെ നമ്മുടെ ആസ്തിവികസന ഫണ്ടിന്റെ ഭരണാനുമതി ഈ മാസമാകുമ്പോൾപോലും പൂർണ്ണമായും ലഭിച്ചിട്ടില്ല. എനിക്ക് രണ്ടെണ്ണമേ കിട്ടാൻ ബാക്കിയുള്ളൂ, ബാക്കിയൊക്കെ കിട്ടിയിട്ടുണ്ട്. ഇതിന്റെയൊരു സ്ഥിതി ഇങ്ങനെയാണ്. 2014-15 ലെ ആസ്തിവികസന ഫണ്ടിലെ പണിയാണ് ഇപ്പോൾ പൂർത്തിയാകുന്നത്. ഇതിനുമുൻപ് നമ്മൾ ഇവിടെ ചർച്ചചെയ്തത് കഴിഞ്ഞ എം.എൽ.എ.-യുടെ വർക്കിന്റെ കാര്യത്തെ സംബന്ധിച്ചാണ് ഇവിടെ പുതിയ അംഗത്തിന് കൊണ്ടുവരേണ്ടി വന്നത്. 2014-15-ലെ പണി പൂർത്തിയാകുന്നത് ഇപ്പോഴാണ്. 2015-16 ലെ പണി പലതും തുടങ്ങിയിട്ടില്ല. 2016-17 -ലേത് ഭരണാനുമതി പൂർണ്ണമായും കിട്ടിയിട്ടില്ല. ഈ സ്ഥിതി മാറണം, അതാത് കാലത്ത് എം.എൽ.എ.-മാർക്ക് അവരവരുടെ

മണ്ഡലത്തിൽ പ്രധാനപ്പെട്ട പ്രവൃത്തികൾ ചെയ്യാനുള്ള ആസ്തി തന്നെയായിക്കോട്ടെ, ആസ്തി ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരവസരമാണ്. പക്ഷേ ഇതിന്റെ ഭരണാനുമതി കിട്ടാനാണ് ഏകദേശം ഒരു വർഷം സമയമെടുക്കുന്നത്. ഏതായാലും ഈ പണം കൊടുക്കണം, ഇത് ഇങ്ങനെ വൈകുന്നതുകൊണ്ട് കുറച്ചുകാലം ഈ പണം ട്രഷറിയിൽ ഉണ്ടാകും എന്നുള്ളത് കാര്യമാണ്. ഏതായാലും ഈ പണം കൊടുക്കണമല്ലോ, അതുകൊണ്ട് ഈ പ്രയോജനം സമയത്തിനായിക്കോട്ടെ, നേരത്തെയായിക്കോട്ടെ എന്ന ഒരു ആശയമാണ് എനിക്ക് പറയാനുള്ളത്. അതിന് ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി എന്തുകൊണ്ട് എസ്.ഡി.എഫ്. എം.എൽ.എ. ഫണ്ട് വിനിയോഗം പോലെ ജില്ലാതലത്തിൽ കൊടുത്തുകൂടാ, എന്നതാണ് എന്റെ ചോദ്യം? ഇപ്പോൾ ഇവിടെ നമ്മുടെ സഹോദരി ചൂണ്ടിക്കാണിച്ച കെ.എസ്.ആർ.ടി.സി. എന്നൊക്കെ പറയുമ്പോൾ ഒരു പാർട്ട് എം.എൽ.എ.യുടേയും ബാക്കി കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ടും മറ്റുമാകുമ്പോൾ അതിനൊക്കെ ചിലപ്പോൾ അങ്ങനെയൊക്കെ വേണ്ടിവരും. അല്ലെങ്കിൽ ഒരു കോടിരൂപയുടെ മുകളിലുള്ള ഒരു പ്രവൃത്തിയാണ് സജസ്റ്റ് ചെയ്യുന്നതെങ്കിൽ അതും ചിലപ്പോൾ അങ്ങനെ വേണ്ടിവരും, സി. ഇ. കാണേണ്ടി വരും. ഇവിടെ 15 ലക്ഷം രൂപയുടെ ഒരു ഗ്രാമീണ റോഡ് നന്നാക്കാൻ കൊടുത്താൽ അതിന്റെ ഫയൽ സി.ഇ.

കാണണം എന്ന അവസ്ഥയാണ്. സി.ഇ. കണ്ട് തിരിച്ചുവരുമ്പോൾ.... അത് ഇപ്പോഴും പലയിടത്തും, നമ്മൾ ഫണ്ടുകൾ ഏൽപ്പിച്ചു എന്ന് ആളുകളോട് ആശ്വാസം പറഞ്ഞ കാര്യങ്ങൾ പത്രത്തിൽ വരും. ഒരു കൊല്ലമായിട്ടും പണി തുടങ്ങിയിട്ടില്ല. പല സ്ഥലത്തും ചെല്ലുമ്പോൾ എനിക്കുമാത്രമല്ല, എല്ലാ എം.എൽ.എ.-മാർക്കും ഈ പ്രശ്നമുണ്ട്. ഫണ്ട് അനുവദിച്ചു എന്നുപറഞ്ഞു, അത് പോയോ എന്ന് ചോദിക്കുകയാണ്. ഒരു കൊല്ലം കഴിഞ്ഞു, പതിനഞ്ച് ലക്ഷം രൂപയുടെ ഒരു ഗ്രാമീണ റോഡ് മാത്രമേയുള്ളൂ. എനിക്ക് വയ്ക്കാനുള്ള ഒരു സജഷൻ, ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ ജില്ലയിൽ ചെയ്താൽ മതി, ഒരു കോടി രൂപവരെയുള്ള പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ജില്ലയിൽ കൊടുക്കുക, ജില്ലയിൽ ഫിനാൻസ് കൈകാര്യം ചെയ്യുന്ന ഒരു ഓഫീസറുണ്ട്, ഒരു ഫിനാൻസ് ഓഫീസർ എല്ലാ ജില്ലാ കളക്ടറേറ്റിലുമുണ്ട്. വേണമെങ്കിൽ അദ്ദേഹത്തെ അതിന്റെ നോഡൽ ഓഫീസറായി വച്ച് ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് അപ്രകാരം ചെയ്യാവുന്നതും അതിനു മുകളിലുള്ളതിനുമാത്രം, ഇന്നുള്ള നടപടിക്രമങ്ങൾ പാലിച്ചാൽ മതി എന്ന ഒരു മാറ്റം ഉണ്ടാക്കിയാൽ അസറ്റ് ഫണ്ട് ഉപയോഗിച്ച് കാര്യക്ഷമമായി നമ്മുടെ മണ്ഡലങ്ങളിലെ പ്രവൃത്തി നടത്താൻ കഴിയും. ഒരു റോഡ് മൊത്തം പൊളിഞ്ഞു നാശമായാൽ നാട്ടുകാരൊക്കെക്കൂടി വന്ന് ഈ റോഡ് ഒന്ന് നന്നാക്കിത്തരണമെന്ന്

പറഞ്ഞാൽ, ഇന്ന് എം.എൽ.എ. അതിന് ഫണ്ട് വച്ചാൽ പണി തുടങ്ങണമെങ്കിൽ ഒന്നരക്കൊല്ലം കഴിയും. ആ അവസ്ഥ മാറണ്ടേ, അതിനുവേണ്ടി ഇതിന്റെ നടപടിക്രമങ്ങളിൽ കാര്യമായ മാറ്റമുണ്ടാക്കണം എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ചെറിയ പദ്ധതികളെയും വലിയ പദ്ധതികളേയും ഒരുപോലെ കാണരുത്. 25 പദ്ധതികൾ അസറ്റ് ഫണ്ടിൽ കൊടുക്കാം. ഞാൻ തന്നെ 5 കോടി രൂപ ഒരു പദ്ധതിക്ക് കൊടുത്ത സമയമുണ്ടായിട്ടുണ്ട്. ഒരു പാലത്തിന്റെ ഇംപോർട്ടൻസ് മാനിച്ച് എന്റെ ഒരു വർഷത്തെ 5 കോടി രൂപയും ഒരു പാലം പണിയാൻ കൊടുത്തു. എന്നാൽ 10 ലക്ഷം രൂപയുടെ പണിയുള്ള റോഡ് നമ്മൾ കൊടുക്കുന്നുണ്ട്, 10 ലക്ഷം രൂപയുടെ റോഡിനും അഞ്ച് കോടിരൂപയുടെ പാലത്തിനും ഒരേ സമയമെടുക്കുക എന്നുള്ളത് നീതിയല്ല. അതുകൊണ്ട് ഇതിന്റെ നടപടിക്രമങ്ങളിൽ കാര്യമായ മാറ്റം വരുത്തണം എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അനുബന്ധമായി ഒരു കാര്യം പറയാനുള്ളത്, ഇപ്പോൾ ഹൈമാസ്റ്റ് ലൈറ്റ് നമ്മൾ കൊടുക്കുന്നുണ്ട്, എല്ലാം സുതാര്യമായിക്കോട്ടെ, നമുക്ക് യാതൊരു പ്രയാസവുമില്ല. പക്ഷെ ഇപ്പോൾ അതിനെക്കുറിച്ച് ഒരു തീരുമാനമെടുത്തിട്ടില്ല. കഴിഞ്ഞ വർഷം നമ്മൾ കൊടുത്ത ഹൈമാസ്റ്റ് ലൈറ്റ്, ഞാൻ 65 ലക്ഷം രൂപ അതിനായി നീക്കിവച്ചു. 10-20 ലൈറ്റുകളുണ്ട്. പക്ഷേ അത്

ടെൻഡർ ചെയ്യണമോ, ഏജൻസിയെ ഏൽപ്പിക്കണോ എന്ന് തീരുമാനമായിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അപേക്ഷയുള്ളത് ഇത്തവണകൂടി നമ്മൾ കഴിഞ്ഞകാലങ്ങളിൽ ഏജൻസിക്ക് കൊടുത്ത് ചെയ്തതുപോലെ, അത് ഗവൺമെന്റ് ഏജൻസികളാണ്. ഏജൻസിയെ സർക്കാർ തീരുമാനിച്ചോട്ടെ, പക്ഷെ പണി എളുപ്പം നടക്കും. ഇനി അത് ടെൻഡർ ചെയ്യാനും ജില്ലാ തലത്തിലേയ്ക്കുമൊക്കെ പോയാൽ ഒരുപാട് സമയമെടുക്കും. ലൈറ്റ് അനുവദിച്ചുവെന്നത് പത്രത്തിൽ വന്നതിനുശേഷം ആൾക്കാർ ചോദിക്കുന്ന പ്രശ്നം കൂടിയുണ്ട്. നിങ്ങൾ ലൈറ്റ് അനുവദിച്ചു എന്നു പറഞ്ഞു, എവിടെ ലൈറ്റ് എന്ന്? അതും ഈ അസറ്റ് ഫണ്ടുകളുടെ സങ്കീർണ്ണതകളിൽപെടുകയാണ്. അതുകൊണ്ട് ഈ വർഷം ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള മെമ്പർമാർ കൊടുത്തിട്ടുള്ള പ്രൊപ്പോസലുകൾ കഴിഞ്ഞ കാലങ്ങളിലെപ്പോലെ സിഡ്കോ പോലെയുള്ള ഏജൻസികൾക്ക് കൊടുത്ത് നിലവിലുള്ള നോംസ് പ്രകാരം ആ ഹൈമാസ്റ്റ് ലൈറ്റുകൾ വയ്ക്കാനുള്ള സാഹചര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരുക്കിത്തരണം എന്ന് അഭ്യർത്ഥിക്കുകയാണ്. അടുത്തകൊല്ലം മുതൽ പുതിയ രീതിയിൽ ആയിക്കോട്ടെ എന്നുള്ള കാര്യംകൂടി ഞാൻ നിർദ്ദേശിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 2016-17-ലെ വർക്കുകളുടെ എ.എസ്. പൂർണ്ണമായും കൊടുത്തു കഴിഞ്ഞിട്ടില്ല. മലപ്പുറത്താണ് ഏറ്റവും കൂടുതൽ പ്രശ്നം നിലനിൽക്കുന്നത്. അവിടെ ഇലക്ഷൻ വന്നതുകൊണ്ടുള്ള താമസം വന്നു. മേയ് 31-നകം മുഴുവൻ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകാൻവേണ്ടി കർശനമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം, ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ജില്ലാ തലത്തിൽ അനുമതി നൽകുന്നതിനെക്കുറിച്ചുള്ളതാണ്. ഇപ്പോൾ പരിഗണനയിലിരിക്കുന്നത്, അത് കഴിഞ്ഞതവണ ഇവിടെ നിയമസഭയിൽ ചർച്ചചെയ്തപ്പോൾ എടുത്ത തീരുമാനമാണ്. അതിന്റെ ഉത്തരവ് അടുത്ത ദിവസം തന്നെ ഇറങ്ങുന്നതാണ്. അതുപ്രകാരം ഫിനാൻസിലേയ്ക്ക് വരേണ്ട, അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് എ.എസ്. കൊടുത്താൽ മതിയാകും. എ.എസ്. കൊടുത്തതിനുശേഷം ഫയൽ വന്നുകഴിഞ്ഞാൽ ഫിനാൻസ് വകുപ്പ് ആകെ നോക്കുന്നത്, ഇതിന് പണമുണ്ടോ എന്നും അഞ്ചു കോടി രൂപയുടെ ലിമിറ്റിൽ നിൽക്കുന്നുണ്ടോ എന്നുംമാത്രമാണ്. കാരണം പല ഡിപ്പാർട്ട്മെന്റുകളാണ് അനുമതി നൽകുന്നത്. അപ്പോൾ ഫിനാൻസ് വകുപ്പിനുമാത്രമേ അഞ്ച് കോടി രൂപയുടെ ലിമിറ്റിൽ നിൽക്കുന്നുണ്ടോ എന്ന് നോക്കാൻ പറ്റുകയുള്ളൂ. അതല്ലാതെ വേറെ കാര്യങ്ങൾ ഫിനാൻസ് വകുപ്പ് നോക്കുന്നതല്ല. ഇത് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ്

ഇറങ്ങുന്നുണ്ട്. ഇതുകൊണ്ട് കാര്യങ്ങൾ മെച്ചപ്പെടുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും ആലോചിക്കാം. മെമ്പർ ഉന്നയിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ പ്രശ്നം ഞാൻ അംഗീകരിക്കുകയാണ്. പല മെമ്പർമാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാലതാമസം ഒഴിവാക്കാൻ വേണ്ടി, ഈ വർഷവുംകൂടി ഹൈമാസ്റ്റ് ലൈറ്റ് മുൻകാലത്തെന്ന പോലെ തന്നെ പോകാം, അടുത്തവർഷം മുതൽ ടെണ്ടർ നടപടിയോ, അല്ലെങ്കിൽ കെ.എസ്.ഇ.ബി. ഏജൻസി മുഖേനയോ വേണ്ടിവരും.

## കർഷക പെൻഷൻ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തെ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിൽ വന്നിരിക്കുന്ന കാലതാമസം പരിഹരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ബഹുമാന്യനായ മുൻ ധനകാര്യ കുപ്പമന്ത്രി ശ്രീ. കെ. എം. മാണി ബഡ്ജറ്റിലൂടെ കർഷക പെൻഷൻ പ്രഖ്യാപിച്ചതിനെ തുടർന്ന് കൃഷിഭവനുകളിലൂടെ കർഷകരുടെ അപേക്ഷ വാങ്ങിച്ച്, അത് പരിശോധന നടത്തി ഗവൺമെന്റ് ഔദ്യോഗികമായി അംഗീകരിച്ച ലിസ്റ്റ് പ്രകാരമാണ് കർഷക പെൻഷൻ നടപ്പാക്കി വരുന്നത്. ഇപ്പോൾ ഏറ്റവും നിർഭാഗ്യകരമായ കാര്യം കർഷക പെൻഷന് അർഹതപ്പെട്ട

ആളുകളെ  പരമാവധി ആ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ വേണ്ടിയുള്ള ശ്രമം പുതുതായി ആരംഭിച്ചിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി അക്കാര്യം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ കൃഷിക്കാരോട് തന്നെ ചോദിക്കുകയാണ്,... ഇപ്പോൾ ലിസ്റ്റിൽ വന്നിരിക്കുന്ന ആളുകളെതന്നെ അനർഹരായവർ വന്നുകൂടി എന്ന നിലയിൽ ഒരു തെറ്റായ ധാരണയുണ്ടാക്കി കൃഷിക്കാരെ ഒഴിവാക്കാൻ വേണ്ടിയുള്ള ശ്രമം നടക്കുന്നത് നിർഭാഗ്യകരമാണ്. ആരെങ്കിലും അവിഹിതമായോ, അന്യായമായോ വന്നിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിൽ നമുക്കാർക്കും വിരോധമില്ല. പക്ഷെ ബോധപൂർവ്വമായ ശ്രമംപോലെ ഒരു ഇടപെടൽ നടക്കുന്നതായി മനസ്സിലാകുകയാണ്. കൃഷിക്കാർ തന്നെ അവരുടെ യോഗങ്ങളിൽ പറയുന്നത്, ഉദ്യോഗസ്ഥരുടെ പെൻഷൻ സമ്പ്രദായം, അവിടെ എ.പി.എൽ./ബി.പി.എൽ. ഒന്നും ബാധകമല്ല. നിയമാനുസൃതം കിട്ടാനുള്ളത് ഉദ്യോഗസ്ഥർ പെൻഷൻ പറ്റുമ്പോൾ അവർക്ക് കിട്ടും, എത്ര തുകയായാലും കിട്ടും.  ഇവിടെ പാവപ്പെട്ട കർഷകന് 1,000 രൂപ പെൻഷൻ കിട്ടുന്ന കാര്യത്തിൽ 60 വയസ്സുവരെ കൃഷി ചെയ്തിട്ടുള്ള കർഷകനാണെങ്കിൽ കൃഷിഭവനും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും അംഗീകരിച്ച് ലിസ്റ്റ് തന്നിരിക്കുന്ന പ്രകാരം അവർക്ക് നിയമാനുസൃതം അർഹതപ്പെട്ട പെൻഷൻ

കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യം ഗവൺമെന്റ് ഉറപ്പുവരുത്തുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ 13 മാസമായി കർഷക പെൻഷൻ മുടങ്ങിക്കിടക്കുകയാണ്. കോട്ടയം ജില്ലയിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന മേഖലയിലടക്കം ഞങ്ങളിപ്പോൾ പരിശോധിച്ചിട്ട് പറയുകയാണ്. ഗവൺമെന്റിനെ വെറുതെ കുറ്റപ്പെടുത്താൻ പറയുന്നതല്ല. ഇത് ഒരു വസ്തുതയാണ്. ഒരു സങ്കടമുള്ളത്, കഴിഞ്ഞ ഓണത്തിനു മുൻപേ എല്ലാവർക്കും പെൻഷൻ കിട്ടുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു, മിക്കവാറും എല്ലാവർക്കും കിട്ടിയിട്ടുമുണ്ട്. പക്ഷെ കർഷകർക്ക് മാത്രം കിട്ടിയില്ല എന്ന പ്രശ്നമുണ്ട്. കർഷകരോട് വിവേചനപരമായ നിലപാട് എന്നു പറയുന്നത് ഏറ്റവും നിർഭാഗ്യകരമായ കാര്യമാണ്. ഇത് പരിഹരിക്കാൻവേണ്ടി മുൻഗണന ഗവൺമെന്റ് കൊടുക്കേണ്ടതായിട്ടുണ്ട്. 13 മാസത്തെ കുടിശ്ശിക എന്നുള്ളത് എത്രയും പെട്ടെന്ന് പരിഹരിക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്, അങ്ങ് ഇപ്പോൾ ശ്രീ. എൻ. ഷംസുദീന്റെ സബ്മിഷനിലൂടെ നടപടിയിലേയ്ക്ക് വന്നത്, എം.എൽ.എ. മാരുടെ വലിയ ഒരു പ്രശ്നത്തിന് പരിഹാരമാണ്. അതുപോലെ എനിക്കു തോന്നുന്നു, കൃഷി വകുപ്പുമന്ത്രി ഇപ്പോൾ കൊടുക്കാൻവേണ്ടി കിട്ടുന്ന ചെറിയചെറിയ അലോട്ട്മെന്റുകൾ കൊടുത്തിട്ടും ഈ

പ്രശ്നം തീരാത്തതാണോ എന്ന ഒരു സന്ദേഹം ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങൾക്കുണ്ട്. ധനകാര്യ വകുപ്പ് കാര്യമായ ഒരു സഹായം കൂടി,... ഏകദേശം 300 - 400 കോടി രൂപയുണ്ടെങ്കിൽ മാത്രമേ 13 മാസത്തെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയൂ എന്നാണ് മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി കൂടി ഈ വിഷയത്തിൽ കർഷകരുടെ പ്രശ്നമെന്ന നിലയിൽ പ്രതികരിക്കണം. അങ്ങ് കൂടി ഇടപെട്ട് കൊടുക്കാൻ കഴിയുന്ന പരമാവധി തുക കൊടുക്കാനുള്ള ഒരു മനസ്സ് കൃഷിക്കാരന്റെ കാര്യത്തിൽ കാണിക്കണം. അങ്ങേയ്ക്ക് അങ്ങനെയൊരു മനസ്സ് ഉണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അത് ലിബറലായി, ഓർഡറിലേയ്ക്ക് വന്നാൽ ഈ പ്രശ്നം പരിഹരിക്കപ്പെടും. അതിന് അങ്ങ് തയ്യാറാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. ബാക്കി കുറച്ച് തുകകൂടി കിട്ടിയാലേ കൊടുക്കാൻ കഴിയൂ എന്നാണ് മനസ്സിലാകുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായം ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കൃഷി വകുപ്പുമന്ത്രി അങ്ങ് വളരെയേറെ ആത്മാർത്ഥതയോടെ കഴിഞ്ഞ സഭയിലും എത്രയും പെട്ടെന്ന് കുടിശ്ശിക തീർക്കുമെന്ന് പറഞ്ഞു. പക്ഷെ കൊടുക്കാൻ പറ്റിയിട്ടില്ല. എത്രയും പെട്ടെന്ന് ഈ കുടിശ്ശിക കൊടുക്കാൻ കഴിയുന്ന സാഹചര്യം ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കുടിശ്ശിക

തീർത്ത് കർഷക പെൻഷൻ എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട മോൻസ് ജോസഫ് പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ചതല്ല കർഷകത്തൊഴിലാളി പെൻഷൻ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാർഷികോൽപ്പാദനം മെച്ചപ്പെടുത്താനും, കർഷകസുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് അന്ന് കിസാൻ അഭിമാൻ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് ഇതാരംഭിച്ചത്. അങ്ങ് പറഞ്ഞ പല കാര്യങ്ങളും വസ്തുതാപരമായി ശരിയാണ്. ഈ ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോൾ 2015 മാർച്ച് മുതൽ 14 മാസത്തെ കർഷക പെൻഷനടക്കം 191 കോടി രൂപ കുടിശ്ശികയായിട്ടുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം കുടിശ്ശികയായ കർഷക പെൻഷൻ ഇനത്തിൽ 151.41 കോടി രൂപ നൽകുകയുണ്ടായി. ബാക്കിയുള്ള കർഷക പെൻഷൻ കുടിശ്ശിക തീർത്ത് നൽകുന്നതിനായി 2017-2018 വർഷത്തിൽ ആകെ അനുവദിച്ച ബഡ്ജറ്റ് വിഹിതം 124.872 കോടി രൂപയിൽ നിന്ന് 2017 ഏപ്രിൽ മാസം 10-ാം തീയതി 103.7916 കോടി രൂപ വിവിധ ജില്ലകൾക്ക് ഇതിനകം നൽകിക്കഴിഞ്ഞു. ഈ തുക എല്ലാ

ജില്ലകളിലും ഇപ്പോൾ വിതരണം ചെയ്തുവരികയാണ്. കുടിശ്ശിക കൊടുത്തില്ല എന്ന് പറയുന്നത് ശരിയല്ല. കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതിനുശേഷമാണ് ഏപ്രിൽ 10-ാം തീയതി ഈ തുക അനുവദിച്ചത്. പുതുക്കിയ മാനദണ്ഡമനുസരിച്ച് ആധാർ കാർഡുമായി ബന്ധപ്പെടുത്തി കർഷക പെൻഷൻ പരിശോധിച്ചു വരികയാണ്. നേരത്തേ അനുവദിച്ച പെൻഷന്റെ കാര്യത്തിൽ യാതൊരു മാനദണ്ഡവുമുണ്ടായിരുന്നില്ല. അന്ന് പ്രത്യേകിച്ച് ഒരു വ്യവസ്ഥയുടെ അടിസ്ഥാനത്തില്ല പെൻഷൻ നൽകിയിരുന്നത്, 60 വയസ്സ്, അഞ്ച് ഏക്കർ ഭൂമി എന്ന പരിധി മാത്രമാണ് കണക്കാക്കിയത്. അങ്ങനെ വരുമ്പോൾ അനർഹരായ നിരവധി ആളുകൾ ഇതിനകത്ത് ഉൾപ്പെട്ടിട്ടുണ്ട് എന്നതിനാലാണ് ഇപ്പോൾ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ആധാർ കാർഡുമായി ബന്ധപ്പെടുത്തിക്കൊണ്ട് വിവരങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016 ജൂൺ 1 മുതൽ കർഷക പെൻഷൻ പ്രതിമാസം 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-2018 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കർഷക പെൻഷൻ 1100 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനവും ഉണ്ടായിട്ടുണ്ട്. കാർഷികോല്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം കർഷക സുരക്ഷയും മികച്ച

വരുമാനവും ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞ എൽ.ഡി. എഫ് സർക്കാർ നടപ്പിലാക്കിയ കിസാൻ അഭിമാൻ പദ്ധതിയിൽ 12,320 കർഷകരായിരുന്നു ഗുണഭോക്താക്കളെങ്കിൽ 2016-2017 കാലയളവിൽ ഗുണഭോക്താക്കളുടെ എണ്ണം 3,56,663 ആയി വർദ്ധിച്ചു. എന്നാൽ ഈ ഗുണഭോക്തൃപട്ടികയിൽ അനർഹരായിട്ടുള്ള നിരവധി പേർ ഇടം നേടിയിട്ടുണ്ട് എന്ന ആരോപണത്തെ തുടർന്ന് അനർഹരെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട്, പുതുക്കിയ മാനദണ്ഡമനുസരിച്ച് തികച്ചും സംശുദ്ധമായ പട്ടിക തയ്യാറാക്കി, അർഹരായവർക്ക് മാത്രം പെൻഷൻ നൽകുന്നതിനുള്ള നടപടിയാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ആധാർ കാർഡുമായി ബന്ധപ്പെടുത്തുന്നതിന് അനുവദിച്ച സമയപരിധിക്കുള്ളിൽ നേരത്തേ ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ ഏതെങ്കിലും അർഹരായിട്ടുള്ള ആളുകൾ അതിന് സാധിക്കാതെ മാനദണ്ഡപ്രകാരം പുറത്ത് നിൽക്കുന്നുണ്ടെങ്കിൽ അവരെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേക അദാലത്ത് സംഘടിപ്പിക്കുന്നതാണ്. കുടിശ്ശികയില്ലാതെ കർഷക പെൻഷൻ നൽകുന്നതിന് 301 കോടി രൂപ കൂടുതലായി ആവശ്യമുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കപ്പെട്ടുകഴിഞ്ഞ സാഹചര്യത്തിൽ അധികമായി വരുന്ന തുകയ്ക്ക് അഡീഷണൽ ഓതറൈസേഷൻ പ്രപ്പോസൽ വഴി

ധനകാര്യ വകുപ്പിന് ഉടനെ തന്നെ സമർപ്പിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ബാക്കി തുക കൂടി ഉടനെ വിതരണം ചെയ്യുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, കുടിശ്ശിക കൊടുക്കണമെങ്കിൽ 300 കോടി രൂപ വേണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പറയണം. (...ബഹളം... )

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്...

ധനകാര്യവും കയറും വകുപ്പുമന്ത്രി (ശ്രീ. ടി. എം. തോമസ് ഐസക്): സർ, കേരളത്തിൽ ഒരുപാട് ക്ഷേമനിധികളുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ കർഷക ക്ഷേമനിധി ബോർഡിന് ഒരു സ്കീമില്ല എന്നുള്ളതാണിതിന്റെ പ്രശ്നം. ഇത്രയും വർഷമായിട്ടും, എൽ.ഡി.എഫ് തുടങ്ങി, യു.ഡി.എഫ് തുടർന്നു, വീണ്ടും എൽ. ഡി.എഫ് വന്നെങ്കിലും ഒരു സ്കീമുണ്ടാക്കിയിട്ടില്ല. സ്കീമില്ലാത്തതിന്റെ ഗൗരവമായ പ്രശ്നമുണ്ട്. ആർക്കൊക്കെ അർഹത, എവിടുന്നൊക്കെ ഫണ്ട് എന്നതിനൊന്നും വ്യക്തതയില്ല. അതുകൊണ്ട് ഇപ്പോൾ ഇവിടെ വെച്ചല്ലാതെ പിന്നീട് ഗൗരവമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതാണിത്. ഏതായാലും എംപ്ലോയറുടെ ഒരു വിഹിതം പറ്റില്ല. നമ്മുടെ ബേസിക് ടാക്സിന്റെ ഇത്ര ശതമാനം ഇതിലേയ്ക്ക് വയ്ക്കണം. കൂടാതെ

കർഷകത്തൊഴിലാളികളുടെ കാര്യത്തിലും ഭൂവുടമകളുടെ വിഹിതമില്ലാത്തതിന്റെ പ്രശ്നങ്ങൾ ഏറെയാണ്. ഇക്കാര്യങ്ങളിലെല്ലാം സമവായചർച്ചയുടെ അടിസ്ഥാനത്തിൽ പരിഹാരം കാണാം. ഇപ്പോൾ ഇതിനായി ഒരു സ്കീം അവതരിപ്പിക്കാം. അതോടുകൂടി ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും. അതോടൊപ്പം കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ പണത്തിന് കുറച്ച് പ്രയാസമുണ്ട്. അത് മാറിയശേഷം നടപടി സ്വീകരിക്കാം.

## ട്രൈബൽ കോളനി റോഡ് നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, പിന്നോക്കം നിൽക്കുന്ന പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് 2014-2015 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി ആതിരപ്പള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി ട്രൈബൽ കോളനി റോഡ് നിർമ്മാണത്തിനായി നടപടി സ്വീകരിക്കുകയും തുക അനുവദിക്കുകയുമുണ്ടായി. 1450 ലക്ഷം രൂപയുടെ ഭരണാനുമതി പ്രസ്തുത പ്രവൃത്തിയ്ക്കായി ലഭിച്ചിരുന്നതുമാണ്. 20-10-2015-ലെ ടെക്നിക്കൽ സാങ്ഷൻ കമ്മറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഫിനാൻസ് വകുപ്പിന്റെ ക്ലിയറൻസിന്റെ അടിസ്ഥാനത്തിലും 3.055 കിലോമീറ്ററായി റോഡിന്റെ നീളം നിജപ്പെടുത്തിക്കൊണ്ട് സാങ്കേതിക

അനുമതിയും നൽകുകയുണ്ടായി. അനുമതികൾ ലഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നാളിതുവരെയായിട്ടും പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. സി.ടി. ഇ. യുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അടിച്ചിൽതൊട്ടി കോളനിയിലെ നൂറോളം ആദിവാസി കുടുംബങ്ങൾക്ക് സഞ്ചാരയോഗ്യമായ വഴികളില്ല. ഇവർക്ക് ആശുപത്രികളിലേയ്ക്കോ മറ്റാവശ്യങ്ങൾക്കോ, 85 കിലോമീറ്റർ ദൂരെയുള്ള ചാലക്കുടിയിൽ എത്തണമെങ്കിൽ മലകയറി 4 കിലോമീറ്റർ ദൂരം വനാന്തർഭാഗത്തുകൂടി നടന്ന് പി.ഡബ്ല്യു.ഡി റോഡിൽ എത്തണം. ഇവരുടെ ഗതാഗതത്തിനും, ദൈനംദിന ജീവിതത്തിലും ഏറെ സഹായകരമാകുന്ന പത്തടിപ്പാലം മുതൽ അടിച്ചിൽതൊട്ടി വരെയുള്ള റോഡ് അടിയന്തരമായി നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ആദിവാസി മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നല്കിക്കൊണ്ട് ഫണ്ട് വിഹിതം കൈമാറുകയും, ഭരണ-സാങ്കേതിക അനുമതികൾ ലഭിക്കുകയും ചെയ്ത ഒരു പദ്ധതി ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സവാദങ്ങൾ നിരത്തി രണ്ടുവർഷത്തിലധികമായി നീട്ടിക്കൊണ്ടു പോകുന്നത് അംഗീകരിക്കാനാവില്ല. അതുകൊണ്ട് പത്തടിപ്പാലം മുതൽ അടിച്ചിൽതൊട്ടി കോളനി വരെയുള്ള റോഡിന്റെ നിർമ്മാണം ഉടൻ

ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ വനം, ട്രൈബൽ, പൊതുമരാമത്ത് തുടങ്ങിയ വിവിധ വകുപ്പുകളുമായി നേരിട്ട് ബന്ധപ്പെട്ടുകിടക്കുന്ന ഒരു പ്രോജക്ടായതിനാൽ പ്രസ്തുത റോഡിന്റെ സുഗമമായ നിർമ്മാണത്തിന് ഒരു ലെയ്സൺ ഓഫീസറെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വളരെയധികം സാങ്കേതികമായ സങ്കീർണ്ണതകളോടുകൂടിയാണ് അന്നത്തെ ഗവൺമെന്റ് ഈ തീരുമാനമെടുത്തത്. അതുകൊണ്ടാണ് ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായത്. പൂർണ്ണമായും ഗിരിവർഗ്ഗ മേഖലയായ ഈ പ്രദേശത്ത് റോഡ് നിർമ്മിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ പ്രത്യേകത കണക്കിലെടുക്കാതെ നിരുത്തരവാദപരമായി, മാറ്റിമാറ്റിയെടുത്ത തീരുമാനങ്ങളാണ് ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. ബി. ഡി. ദേവസ്സി പറഞ്ഞ സ്ഥിതിവിശേഷമുണ്ടാക്കിയത്. ഊരാളുങ്കൽ സൊസൈറ്റിയ്ക്ക് ടെൻഡർ കൊടുത്ത ശേഷം അവർ കൊടുത്ത റിപ്പോർട്ട് തള്ളിക്കളഞ്ഞു. റോഡ് നിർമ്മിക്കുന്നതിനാവശ്യമായ പണത്തിന്റെ മൂന്നിൽ രണ്ട് ഭാഗം മാത്രം അനുവദിച്ച്

അതിൽ നിന്നും മൂന്നിൽ ഒന്ന് ഭാഗം കട്ട് ചെയ്തു. അങ്ങനെ അവർ പണി ഉപേക്ഷിച്ചു. അധികാരപരിധിയില്ലാത്ത സ്ഥലത്ത് റോഡ് പണിയാൻ പി. ഡബ്ല്യൂ.ഡി യെ ഏൽപ്പിക്കുകയാണുണ്ടായത്. അവരുടെ കീഴിലുള്ള റോഡല്ലായിരുന്നെങ്കിലും അന്നത്തെ നിർബന്ധം കൊണ്ട് അവർക്കത് ഏറ്റെടുക്കേണ്ടി വന്നു. ഇപ്പോഴുള്ള പ്രശ്നം, 14.5 കോടി രൂപയുടെ ഭരണാനുമതി മൂന്ന് വർഷം മുമ്പ് കൊടുത്തശേഷം രണ്ട് വർഷം മുൻപ് സാങ്കേതികാനുമതി കൊടുക്കുന്നത് 8.75 കോടി രൂപയ്ക്കാണ്. അപ്പോൾതന്നെ അത് പൊളിഞ്ഞു. എന്നിട്ടത് ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിച്ചു. അവർ എസ്റ്റിമേറ്റ് തയ്യാറാക്കി 11.5 കോടി രൂപയ്ക്ക് ചെയ്യാമെന്ന് പറഞ്ഞു. എന്നാൽ പണം കൊടുക്കാത്തതിനാൽ അവരുപേക്ഷിച്ചു. തുടർന്ന് ചെല്ലുമ്പോൾ, 6 കിലോമീറ്റർ വനം വകുപ്പിന്റെ കീഴിലാണ്. അവരുടെ അനുവാദം ഇല്ലാതെ അവിടെ റോഡ് പണിയാൻ കഴിയില്ല എന്ന് അന്നത്തെ അധികാരികൾ മനസ്സിലാക്കണ്ടേ? അവർ 3 കിലോമീറ്റർ സമ്മതിച്ചിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് അവിടുത്തെ പി.ഡബ്യൂ.ഡി-ക്ക് കൊടുത്തു. അതും തള്ളിക്കളഞ്ഞു. ഇപ്പോൾ വനം വകുപ്പിന്റെ അനുവാദമില്ലാതെ 6 കിലോമീറ്റർ റോഡ് നിർമ്മിക്കണം എന്ന ആവശ്യം നമ്മളാരും വിചാരിച്ചാൽ എളുപ്പം നടത്താൻ കഴിയുന്നതല്ല. സാങ്കേതികമായ കാര്യങ്ങൾ നോക്കാതെ, റോഡ് നിർമ്മിക്കാൻ വന്ന ഏജൻസിയ്ക്ക്

പണം കൊടുക്കാതെ, റോഡ് നിർമ്മിക്കാൻ അധികാരമില്ലാത്ത പി.ഡബ്യു.ഡി യെ അടിച്ചേൽപ്പിച്ച്, അവർ കൊടുത്ത റിപ്പോർട്ടും തള്ളി അങ്ങനെ കിടക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ പറഞ്ഞതുപോലെ റോഡ് അവിടെ ആവശ്യമാണ്. ഇപ്പോൾ ഗവൺമെന്റ് പി.ഡബ്ല്യു.ഡി യെ ഏൽപ്പിച്ചിരിക്കുകയാണ്, അവർ ചെയ്യേണ്ട ജോലിയല്ല, ഏൽപ്പിച്ച സ്ഥിതിയ്ക്ക് റോഡ് പണി ചെയ്യുതരാം. അത് മാറ്റുന്നില്ല. ഇപ്പോൾ നമ്മൾ ചെയ്യുന്നത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം ആരായുകയാണ്. അത് തള്ളിക്കളഞ്ഞ് റോഡ് നിർമ്മിക്കാൻ സാധ്യമല്ല. എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന് നിരത്തുകളും പാലങ്ങളും ചീഫ് എൻജിനീയർക്ക് സർക്കാർ വീണ്ടും നിർദ്ദേശം നൽകിയിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റ് താമസിയാതെ സമർപ്പിക്കേണ്ടതാണ്. നിർമ്മാണത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ ആവശ്യപ്പെട്ട പ്രകാരം യൂസർ ഏജൻസിയായ പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെ ലെയ്സൺ ഓഫീസറായി ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പിനോടും, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനോടും അഭ്യർത്ഥിക്കുകയാണ്.

## അവശ്യസാധനങ്ങളുടെ വിലക്കയറ്റം

ശ്രീ. പി. സി. ജോർജ്: സർ, അരി, ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി എന്നിവയുടെ

വിലക്കയറ്റം സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. എനിക്ക് ഈ വിഷയങ്ങളിൽമാത്രം പരിമിതപ്പെടുത്തി പ്രസംഗിക്കാൻ കഴിയുന്നില്ല. കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അരി വില 34/- രൂപയായിരുന്നു. അത് 46 രൂപവരെ വർദ്ധിച്ചു. നിയമസഭാ സമ്മേളനം ആരംഭിക്കാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ അരി വില 33/- രൂപയായി കുറഞ്ഞു. അതെങ്ങനെയാണ്; അതിന്റെ മറിമായം എന്താണെന്നുള്ളത് അറിയണം. ഈ രാജ്യത്തെ ഇടത്തട്ടുകാരൻ/കൊള്ളക്കാരൻ പാവപ്പെട്ട മനുഷ്യരെ കബളിപ്പിക്കുകയും പിടിച്ചുപറിക്കുകയുമാണ് ചെയ്യുന്നത്. ഇതുപോലെ ഏത് സാധനങ്ങളുടെ വില വേണമെങ്കിലും പരിശോധിക്കാം. വിലനിലവാരം കൂടി എന്ന് പറയുന്ന എന്റെ സബ്മിഷൻ ഇപ്പോൾ മാറ്റി പറയേണ്ട ഗതിയിലാണ്. ഞാൻ മന്ത്രിയെ കുറ്റപ്പെടുത്തുകയല്ല. മന്ത്രിയുടെ നല്ല മനസ്സിനെയും നല്ല പ്രവർത്തനത്തെയും ഞാൻ അനുകൂലിക്കുന്നു. ഇപ്പോൾ അരി വില 32/- രൂപവരെ കുറഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് ലഭിച്ച വിവരം. അത് എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചുവെന്നുള്ളത് അറിയണം. അരി വില 46/- രൂപയായി എങ്ങനെ വർദ്ധിച്ചു? ഈ പണം തട്ടികൊണ്ട് പോയത് ആരാണ്? കേരളത്തിലെ മൂന്നു കോടി 34 ലക്ഷത്തോളം ജനങ്ങളെ കബളിപ്പിച്ചുകൊണ്ട് ഇടത്തട്ടുകാർക്ക് ഇതുപോലെ പണം

തട്ടിക്കൊണ്ടുപോകാൻ അവസരം കൊടുക്കുന്നത് ശരിയാണോ? ഇന്നത്തെ മുളകിന്റെ വില 40 രൂപയായിരുന്നു. ഇപ്പോൾ 50/- രൂപയായി വർദ്ധിച്ചു. ബീൻസിന്റെ വില 60 രൂപയായിരുന്നു. 60 ശതമാനം വില വർദ്ധിപ്പിച്ച് ഇപ്പോൾ 95/- രൂപയാക്കിയിരിക്കുകയാണ്. ഇതൊക്കെ ചോദിക്കാൻ ആളില്ലേ? ഒരു കടകളിലും വിലവിവരപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. എന്തുകൊണ്ട് വിലവിവരപ്പട്ടിക പ്രസിദ്ധീകരിക്കുന്നില്ല? വിലവിവരപ്പട്ടിക പ്രസിദ്ധീകരിക്കാത്ത കടക്കാരന്റെ പേരിൽ ക്രിമിനൽ കേസ്സെടുക്കുകയും നിലയ്ക്കുനിർത്തുകയും വേണം. ഇങ്ങനെ പേകാൻ പറ്റില്ല. കാരറ്റിന് 51/- രൂപയായിരുന്നത് ഇപ്പോൾ 75/- രൂപയായി വർദ്ധിപ്പിച്ചു. വെണ്ടയ്ക്കയ്ക്ക് 20/- രൂപയായിരുന്നത് ഇപ്പോൾ 30/- രൂപയായി വർദ്ധിപ്പിച്ചു. ബീറ്റ്റൂട്ടിന് 35/- രൂപയായിരുന്നത് ഇപ്പോൾ 45/- രൂപയായി വർദ്ധിപ്പിച്ചു. അച്ചിങ്ങാപയർ, വൻപയർ തുടങ്ങിയവയ്ക്ക് 50/- രൂപയായിരുന്നു വില. 80 ശതമാനം വർദ്ധിപ്പിച്ച് ഇപ്പോൾ 90/- രൂപയായി. പാവയ്ക്കയ്ക്ക് വില 35/- രൂപയായിരുന്നത് 55 രൂപയായി വർദ്ധിപ്പിച്ചു. പടവലത്തിന് 20/- രൂപയായിരുന്നത് 100 ശതമാനം വർദ്ധിച്ച് ഇപ്പോൾ 40/- രൂപയായി. ഞാൻ എല്ലായിനത്തിന്റെ വിലയെടുത്ത് പരിശോധിച്ചു. എല്ലായിനത്തിന്റെയും ലിസ്റ്റ് എന്റെ കൈവശമുണ്ട്. മത്സ്യ-മാംസത്തിന്റെയും വില വർദ്ധിപ്പിച്ചു. 2016-ൽ

പോത്തിറച്ചിക്ക് വില 250/- രൂപയായിരുന്നു. ഇപ്പോൾ 350/- രൂപയായി വർദ്ധിപ്പിച്ചു. ആട്ടിറച്ചിക്ക് വില 400/- രൂപയായിരുന്നു. ഇപ്പോൾ 500/- രൂപയായി വർദ്ധിപ്പിച്ചു. അങ്ങ് അധികാരമേൽക്കുമ്പോൾ കോഴിയുടെ വില 60/- രൂപയായിരുന്നു. ഇപ്പോൾ 103/- രൂപയായി വർദ്ധിപ്പിച്ചു. ഇതുമൂലം പാവപ്പെട്ടവർക്ക് ഈ നാട്ടിൽ എങ്ങനെ ജീവിക്കാൻ സാധിക്കും? മൈദ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിച്ചിരിക്കുകയാണ്. ഈ നിലയിൽ ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താതിരിക്കാൻ കഴിയില്ല. വിലവർദ്ധനവ് തടയാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം കഴിഞ്ഞ കുറേ മാസങ്ങളോളം കേരളത്തിലെ അരിവില വർദ്ധിപ്പിച്ചവർക്കെതിരെ, കബളിപ്പിച്ചവർക്കെതിരെ കേസ്സെടുക്കാനുള്ള നടപടി സ്വീകരിക്കുകയും എല്ലാകടകളിലും പ്രത്യേകിച്ച് പച്ചക്കറി കടകളിൽ നിർബന്ധമായും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കാവശ്യമായ അരി, പച്ചക്കറി, പലവ്യഞ്ജനം തുടങ്ങിയ ഉൽപ്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്നാൽമാത്രമേ കേരളത്തിനാവശ്യത്തിന് ഉപയോഗിക്കാൻ കഴിയുകയുള്ളുവെന്ന്

എല്ലാവർക്കുമറിയാം. മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം, വിളനാശം, കയറ്റിറക്ക് കൂലിയിലുണ്ടാകുന്ന അധികച്ചെലവ് തുടങ്ങിയവയെല്ലാം ഈ ഉൽപ്പന്നങ്ങളുടെ വിലയെ സാരമായി ബാധിക്കാറുണ്ട്. നമ്മുടെ സംസ്ഥാനം അതിന്റെ കെടുതിയെല്ലാം എല്ലാ സന്ദർഭത്തിലും ഒരുപോലെ അനുഭവിക്കാറുണ്ട്. ആന്ധ്രാപ്രദേശിൽനിന്നുള്ള അരിയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. ഇപ്പോൾ ആ സംസ്ഥാനത്ത് നിന്നുള്ള അരി വരവ് കുറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, 34-35 രൂപ വില ഉണ്ടായിരുന്ന ജയ അരിക്ക് ഇപ്പോൾ 46-47 രൂപവരെ എത്തി. ആ സന്ദർഭത്തിൽ ഗവൺമെന്റ് ആന്ധ്രാ സംസ്ഥാനത്തെ മില്ലുടമകളുമായി, അരി ഉൽപ്പാദകരുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ട് സപ്ലൈകോ വഴി ഇടനിലക്കാരില്ലാതെ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ ഞങ്ങൾ അവരെ പ്രേരിപ്പിച്ചു. അതോടൊപ്പം ആന്ധ്രാസംസ്ഥാനത്തിന് പുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ജയ അരിക്ക് സമാനമായ അരി നമ്മുടെ മാർക്കറ്റിൽ കൂടുതലായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. കുട്ടനാട് റൈസ് എന്ന പേരിൽ ഇറക്കിയിരുന്ന അരി സപ്ലൈകോ മൊത്തമായി സംഭരിച്ച് 33/- രൂപയ്ക്ക് നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. പി.ഡി.എസ്. ലൂടെ നമ്മൾ ദേശീയ ഭക്ഷ്യഭദ്രതാനിയമം

നടപ്പാക്കിയ സന്ദർഭത്തിൽ നമുക്ക് ലഭിച്ചുകൊണ്ടിരുന്ന അരിയുടെ അളവ് കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയുണ്ടായി. അതും നമുക്ക് വലിയൊരു പ്രഹരമാണ് സമ്മാനിച്ചത്. ആ സന്ദർഭത്തിൽ കേന്ദ്രസർക്കാരുമായും എഫ്.സി.ഐ. അധികൃതരുമായും ബന്ധപ്പെട്ടുകൊണ്ട് എഫ്.സി.ഐ. വിൽക്കുന്ന O.M.S.S. (Open Market Sale Scheme) പ്രകാരം ഇക്കണോമിക് റേറ്റ് പ്രകാരമുള്ള പുഴക്കലരിയും പച്ചരിയും കേരളത്തിന് കൂടുതൽ ലഭ്യമാകാനാവശ്യമായ നടപടികൾ സ്വീകരിച്ചു. അങ്ങനെ 25/- രൂപയ്ക്ക് പുഴക്കലരിയും 23/- രൂപയ്ക്ക് പച്ചരിയും നമ്മുടെ മാർക്കറ്റിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇതോടൊപ്പം സഹകരണമേഖല അതിപ്രധാനമായ പങ്ക് വഹിക്കുകയുണ്ടായി. ബംഗാളിൽനിന്ന് പ്രത്യേകമായി അരി ഇവിടെ എത്തിച്ച് 25/- രൂപയ്ക്ക് ഇവിടെ വിപണനം ചെയ്യാനുള്ള സൗകര്യമൊരുക്കി. സപ്ലൈകോ നമ്മുടെ സംസ്ഥാനത്തിന്റെ മിക്കവാറുമുള്ള എല്ലാ പ്രദേശങ്ങളിലും വ്യാപകമായി അരിക്കടകൾ ആരംഭിച്ചുകൊണ്ട് എല്ലായിനം സബ്സിഡി അരികളും ഒരു പോലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുംവിധം പൊതുമാർക്കറ്റിനേക്കാൾ അരിവില കുറച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. ഈ ശ്രമങ്ങളുടെ ഫലമായി ഇന്ന് സംസ്ഥാനത്ത് 47-48 രൂപയുണ്ടായിരുന്ന ജയ അരിക്ക് ഇന്ന് 35-36 രൂപയിലേക്ക് താഴ്ന്നുവെന്നുള്ളതാണ് വസ്തുത. അതോടൊപ്പം

അന്ധ്രാസംസ്ഥാനത്ത് ഇപ്പോൾ കൊയ്ത്ത് നടക്കുന്ന സമയമാണ്. അരിയുടെ വില ഇനിയും താഴോട്ട് പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് ന്യായവിലയ്ക്ക് അരി ലഭ്യമാക്കാനാവശ്യമായ എല്ലാ നടപടികളും ഇത്തരം സന്ദർഭത്തിൽ ഗവൺമെന്റ് സ്വീകരിച്ചുവെന്നാണ് അങ്ങയെ അറിയിക്കാനുള്ളത്. മറ്റൊന്ന്, ആന്ധ്രയിലെ അരി കേരളത്തിൽ കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് ചില പ്രത്യേക കേന്ദ്രങ്ങളുണ്ട്. അവയെ സസൂക്ഷ്മം വീക്ഷിക്കാനും അവരുടെ കള്ളക്കളികൾ പൊളിച്ചടുക്കാനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. അതിനുള്ള സംവിധാനമൊക്കെ ഇവിടെ രൂപീകരിച്ച് വരികയാണ്. പലവ്യഞ്ജനത്തെ സംബന്ധിച്ച് അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. പലവ്യഞ്ജനത്തിന് വില വർദ്ധിപ്പിച്ചിട്ടില്ല. എല്ലാ പയർ വർഗ്ഗങ്ങൾക്കും മല്ലി, മുളക് ഉൾപ്പെടെയുള്ള എല്ലാ പലവ്യഞ്ജനങ്ങൾക്കും ഈ ഗവൺമെന്റ് വന്നതിനുശേഷം വില കുറഞ്ഞിട്ടേയുള്ളൂ. മുളകിന്റെ വില അങ്ങ് സൂചിപ്പിച്ചത് ശരിയല്ല. മുളകിന് അങ്ങ് പറഞ്ഞതിനേക്കാൾ കൂടുതൽ വിലയുണ്ട്. എന്നാൽ ഇപ്പോൾ മുളകിന് വില കുറഞ്ഞിരിക്കുന്ന സമയമാണ്. പയർ വർഗ്ഗങ്ങൾക്ക് വില കുറഞ്ഞു. വെളിച്ചെണ്ണ, പഞ്ചസാര, പച്ചക്കറി എന്നിവയ്ക്കാണ് വില കൂടിയത്. മറ്റ് സംസ്ഥാനങ്ങളിലെ കാലാവസ്ഥയിലുണ്ടായ മാറ്റമാണ്

പച്ചക്കറികൾക്ക് വില കൂടാൻ കാരണമായത്. അത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറികളുടെ വരവും കേരളത്തിലെ പച്ചക്കറികളുടെ ഉൽപ്പാദനവും കുറഞ്ഞു. പ്രസ്തുത സന്ദർഭത്തിലും ഓണക്കാലത്തെന്നതുപോലെ ഈ വിഷു സീസണിലും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ കേന്ദ്രങ്ങൾ നല്ല പ്രവർത്തനം നടത്തുകയും കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങി ഉപഭോക്താവിന് ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന നൂറുകണക്കിന് കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. ഇതുമൂലം നല്ല ഫലമാണുണ്ടായത്. ബഹുമാനപ്പെട്ട അംഗം വെണ്ടയ്ക്കയുടെ വിലയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. വെണ്ടയ്ക്കക്ക് 80/- രൂപവരെ വില വർദ്ധനവുണ്ടായി. അതാണ് വില താഴോട്ട് വന്നത്. ഇനി ഇതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്ന അവസ്ഥ ഉണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കരിഞ്ചന്തക്കാരുടെയും പൂഴ്ത്തിവയ്പ്പുകാരുടെയും പ്രവർത്തനത്തെ പ്രതിരോധിക്കാൻ കഴിയുംവിധം വിലവിവരപ്പട്ടിക പ്രദർശിക്കാൻ ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ആഭ്യന്തരം എന്നീ വകുപ്പുകളുടെ സംയുക്തമായ നീക്കം സംസ്ഥാനത്ത് നല്ലവണ്ണം നടത്താനും ഒരു വിലനിർണ്ണയ അതോറിറ്റിക്ക് രൂപം

കൊടുത്തുകൊണ്ട് വളരെ ഭംഗിയായി ആ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യാനും ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന 13 ഇന സബ്സിഡി ഉൽപ്പന്നങ്ങൾക്ക് ഒരു കാരണവശാലും വില വർദ്ധിപ്പിക്കില്ല എന്ന തീരുമാനത്തിൽ ഉറച്ചുനിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

## ടൂറിസം വികസനം

ശ്രീ. ഡി. കെ. മുരളി: സർ, തെക്കൻ കേരളത്തിലെ ഏറ്റവും മനോഹരമായ ഹിൽ ടൂറിസ്റ്റ് സെന്ററാണ് പൊന്മുടി എന്നുള്ളത് അങ്ങേയ്ക്കും അറിയാവുന്നതാണ്. അത് മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് ആദ്യത്തെ റിവൈസ്ഡ് ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും 5 കോടി രൂപ തനത് വർഷം ചെലവാക്കാൻ പദ്ധതിയിടുകയും ചെയ്തത്. എന്നാൽ ഇതുസംബന്ധിച്ചുള്ള പ്രോജക്ട് നാളിതുവരെ തയ്യാറാക്കിയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എക്കോ ടൂറിസം, റോപ് വേ, അഡ്വഞ്ചർ ടൂറിസം, ബൊട്ടാണിക്കൽ ഗാർഡൻ ഉൾപ്പെടെയുള്ള സ്ഥലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വികസനം എന്നിവ പ്ലാൻ ചെയ്യാവുന്നതാണ്. ഇതിനെല്ലാം ഡി.പി.ആർ തയ്യാറാക്കണമെങ്കിൽ ടെക്നിക്കൽ എക്സ്പേർട്സിന്റെ സഹായവും ആവശ്യമാണ്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി

മുൻകയ്യെടുത്ത്, വനം വകുപ്പുമന്ത്രി ഉൾപ്പെടെ എല്ലാ വകുപ്പുകളുടെയും ഒരു സംയുക്ത മീറ്റിംഗ് പൊൻമുടിയിൽ വച്ച് കൂടിയതാണ്. ഞാൻ അതിൽ പങ്കെടുത്തിരുന്നു. അതിൽ കുറേയധികം നിർദ്ദേശങ്ങൾ ഉയർന്നുവന്നു. എന്നാൽ നാളിതുവരെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നില്ലെന്നുള്ള പരിമിതിയുണ്ട്. തനത് വർഷം ചെലവഴിക്കാൻ കഴിയുന്ന തുക പോലും ചെലവാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. ഗസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന ലോവർ സാനറ്റോറിയം പരിസരത്തുള്ള പാർക്ക് കാടുപിടിച്ച് കിടക്കുകയാണ്. അടിയന്തരമായി അത് റിനോവേറ്റ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പൊന്മുടിയിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വനം വകുപ്പുമന്ത്രിയുടെയും വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചിരുന്നു. ആ യോഗം സുപ്രധാനമായ തീരുമാനങ്ങളെടുക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്ന

ഘട്ടത്തിലാണ്. പൊന്മുടിയിലേയ്ക്ക് റോപ് വേ നിർമ്മിക്കുന്നതിനും പൊന്മുടിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും 200 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും നീക്കിവച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റോപ് വേ പദ്ധതി നടത്തിപ്പിനായി കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിയിരുന്നത്. കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ദർഘാസ് നടപടികളിലൂടെ വിശദമായ പദ്ധതി രൂപരേഖ തയ്യറാക്കാൻ കൺസൾട്ടന്റുമാരുടെ ഒരു പാനൽ തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഡി.പി.ആർ തയ്യാറാക്കാൻ സന്നദ്ധമായ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്ന നടപടികൾ കെ.റ്റി.ഐ.എൽ സ്വീകരിച്ചുവരികയാണ്. അതേസമയം സർക്കാർ അംഗീകൃത കൺസൾട്ടന്റായ കിറ്റ്കോ ധർമ്മടം-മുഴപ്പിലങ്ങാട് സമാനമായ മറ്റൊരു റോപ് വേ പദ്ധതിയുടെ ഡി.പി.ആർ ഇതിനകം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും പൊന്മുടി റോപ് വേ പദ്ധതിയുടെ ഡി.പി.ആർ കൂടി തയ്യാറാക്കുന്നതിന് കിറ്റ്കോയുടെ സന്നദ്ധത അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പൊന്മുടിയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പുതിയ ഗസ്റ്റ് ഹൗസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിലേയ്ക്കായി 4.01 കോടി രൂപയും നിലവിലുള്ള

ഗസ്റ്റ് ഹൗസിന്റെ 'ബി' ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾക്കായി 92.53 ലക്ഷം രൂപയും ഇതിനകം പി.ഡബ്ല്യൂ.ഡി.ക്ക് ടൂറിസം വകുപ്പ് നൽകിയിട്ടുണ്ട്. മേപ്പടി ജോലികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് വകുപ്പ് പി.ഡബ്ല്യൂ.ഡി. യോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം നിർമ്മാണത്തിലിരിക്കുന്ന പുതിയ ഗസ്റ്റ് ഹൗസ് മന്ദിരത്തിന്റെ വൈദ്യുതീകരണം പി.ഡബ്ല്യൂ.ഡി മുഖാന്തിരം നടപ്പിലാക്കുന്നതിന് 2 കോടി രൂപയുടെ പദ്ധതിയും 15 ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണം കെ.റ്റി.ഡി.സി മുഖാന്തിരം നടപ്പിലാക്കുന്നതിന് 3.2 കോടി രൂപയുടെ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ പ്രശസ്തമായ പൊന്മുടി വിനോദ സഞ്ചാര വികസനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഒരു സമഗ്രമായ പ്രവർത്തനത്തിനാണ് പുതിയ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്.

## വിദ്യാഭ്യാസ ജില്ല രൂപീകരണം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂർ കേന്ദ്രമായി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടുതവണ ഈ വിഷയം സബ്മിഷനായി ഞാൻ ഉന്നയിച്ചിരുന്നു. തുടർച്ചയായി സബ്മിഷന് അനുകൂല മറുപടി ലഭ്യമാക്കിയിട്ടും നാളിതുവരെ അനുകൂലമായ ഉത്തരവ് ഉണ്ടായിട്ടില്ല. നിലവിൽ പത്തനംതിട്ട ജില്ലാ

പരിധിയിൽ പത്തനംതിട്ട, തിരുവല്ല എന്നീ രണ്ട് വിദ്യാഭ്യാസ ജില്ലകൾ മാത്രമാണുള്ളത്. അടൂർ മണ്ഡലത്തിലെ അതിർത്തി പ്രദേശങ്ങളിൽ നിന്നും തികച്ചും വിദൂരത്തായുള്ള പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ഒരു ദിവസംകൊണ്ട് പോയി തിരിച്ചെത്തുകയെന്നുള്ളത് തികച്ചും ദുഷ്കരമായ കാര്യമാണ്. സ്കൂളുകളുടെ ബാഹുല്യത്താൽ നിലവിൽ ജോലിഭാരംകൊണ്ട് വീർപ്പുമുട്ടുന്ന ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പ്രശ്നംകൂടി കൂട്ടിവായിച്ച് അടൂർ കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ലാ രൂപീകരണം സാദ്ധ്യമാക്കണമെന്ന് തുടർച്ചയായി മൂന്നാം തവണയും സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. നിലവിൽ അധികമായി ഒരു തസ്തിക പുതിയ വിദ്യാഭ്യാസ ജില്ലാ രൂപീകരണത്തിന് ആവശ്യമാണെന്നുള്ളതിന്റെ സാങ്കേതികത ചൂണ്ടിക്കാട്ടിയാണ് ഈ ഫയലിന്മേലുള്ള കാലതാമസമെന്നറിയുന്നു. ആയതിനാൽ അങ്ങയുടെ പ്രത്യേക പരിഗണനയോടെ, സാദ്ധ്യമാകുമെന്ന പ്രത്യാശയോടെ അടൂരിൽ ഡി.ഇ.ഓഫീസ് അനുവദിക്കണമെന്ന വിഷയം അങ്ങയുടെ സജീവമായ പരിഗണനയ്ക്ക് ഒരിക്കൽക്കൂടി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>) : സർ, പത്തനംതിട്ട ജില്ലയിൽ നിലവിൽ പത്തനംതിട്ട, തിരുവല്ല ആസ്ഥാനങ്ങളിലായി രണ്ട് വിദ്യാഭ്യാസ ജില്ലകളാണുള്ളത്. പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ

112 വിദ്യാഭ്യാസ സ്ഥാപനങ്ങളും തിരുവല്ല വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ 71 വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. പത്തനംതിട്ട, തിരുവല്ല ജില്ലാ വിദ്യാഭ്യാസ ആഫീസുകളുടെ പരിധിയിൽ യഥാക്രമം 6, 5 ഉപജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട ജില്ലാ വദ്യാഭ്യാസ ഓഫീസിനുകീഴിൽ നൂറിലധികം സ്കൂളുകൾ പ്രവർത്തിക്കുന്നതിനാൽ ടി ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് കണക്കിലെടുത്ത് അടൂർ കേന്ദ്രമാക്കി ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാനുള്ള ശിപാർശ 21-5-2014-ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് ഡ്രോയിംഗ് ആന്റ് സിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും ബില്ലുകൾ സ്പാർക്ക് മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാനുള്ള ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അന്ന് അറിയിക്കുകയുണ്ടായി. അടൂർ കേന്ദ്രമാക്കി ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഉയർന്നുവരുന്ന പുതിയ

സാഹചര്യങ്ങൾ പരിഗണിച്ച് പിന്നീട് പരിശോധിക്കാവുന്നതാണ്.